

# ഇതാണ് ദൈവാശ്രയബോധം

“C’est la Confiance” (It is Confidence)

## പരിശുദ്ധ പിതാവ് ഫ്രാൻസിസ് പാപ്പായുടെ അപ്പസ്തോലിക ആഹ്വാനം

വിവർത്തനം : ഡോ. ജേക്കബ് പ്രസാദ്

TO SERVE IN TRUTH AND LOVE

കേരള കത്തോലിക്കാസഭയുടെ ആസ്ഥാനകാര്യാലയം
പി.ഒ.സി. പ്രസിദ്ധീകരണം

# ഇതാണ് ദൈവാശ്രയബോധം

*Ithanu Daivashrayabodham*: Malayalam version of
"C'est la Confiance", Apostolic Exhortation of Pope Francis

**Translated by** : Rev. Dr. Jacob Prasad

**Scrutinized by** : Rev. Dr. Sr. Susy Kinattingal, CTC
Rev. Dr. Sr. Ruby Kuruppassery, CTC

**Malayalam checked by** : Chev. Dr. Primus Perincherry

**Published by** : The Director, Pastoral Orientation Centre,
The Secretariat, Kerala Catholic Bishops' Council,
Kochi - 682 025, Kerala, India
Phone: +914842 805722, 2805815
E-mail: pocpublications@gmail.com
Website: www.kcbc.in

**Copyright** : To the Publisher

**Published on** : 16 January 2024

**Design and Layout** : Ambily Jose

**Printed at** : Viani Printers, Ernakulam

**Copies** : 1000

**Price** : ₹ 70

**ISBN** : 978-93-83423-68-2

@ Pastoral Orientation Centre

All rights reserved. No part of this publication may be reproduced, stored in a retrieval system, or transmitted, in any form or by any means, electronic, mechanical, photocopying, recording or otherwise, without prior written permission of the publisher.

# ഇതാണ് ദൈവാശ്രയബോധം

**"C'est la Confiance" (It is Confidence)**

## പരിശുദ്ധ പിതാവ് ഫ്രാൻസിസ് പാപ്പായുടെ അപ്പസ്തോലിക ആഹ്വാനം

ഉണ്ണിയേശുവിന്റെയും തിരുമുഖത്തിന്റെയും വിശുദ്ധ ത്രേസ്യായുടെ 150-ാം ജയന്തിയോടനുബന്ധിച്ച് ദൈവത്തിന്റെ കരുണാർദ്രസ്നേഹത്തിൽ ആശ്രയിക്കുന്നതിനെക്കുറിച്ചു പ്രതിപാദിക്കുന്ന രേഖ.

**വിവർത്തനം : റവ. ഡോ. ജേക്കബ് പ്രസാദ്**

കേരള കത്തോലിക്കാസഭയുടെ ആസ്ഥാനകാര്യാലയം
പി.ഒ.സി. പ്രസിദ്ധീകരണം

# ഉള്ളടക്കം


1. മറ്റുള്ളവർക്കായുള്ള യേശു 16

ഒരു പ്രേഷിതാത്മാവ് 16

സ്വയം കേന്ദ്രീകൃതത്വത്തിൽ നിന്ന്
നമ്മെ മോചിപ്പിക്കുന്ന കൃപ 19

2. ദൈവാശ്രയത്വത്തിന്റെയും
സ്നേഹത്തിന്റെയും 'കുറുക്കുവഴി' 20

എല്ലാ യോഗ്യതകൾക്കുമപ്പുറം 22

നിത്യേനയുള്ള വിട്ടുകൊടുക്കൽ 24

രാത്രിയിൽ ജ്വലിക്കുന്ന അഗ്നിനാളം 25

വളരെ ഉറച്ച പ്രത്യാശ 28

3. ഞാൻ സ്നേഹമായിരിക്കും 30

ഉപവി, സ്നേഹത്തിന്റെ
ഒരു വൈയക്തിക ഭാവം 30

പരമോന്നതലാളിത്യത്തിലെ
ഉത്തമസ്നേഹം 32

സഭയുടെ ഹൃദയത്തിൽ 35

ഒരു പനിനീർപുഷ്പവർഷം 38

4. സുവിശേഷത്തിന്റെ ഹൃദയത്തിൽ 42

സമന്വയത്തിന്റെ വേദപാരംഗത 42

കുറിപ്പുകൾ 48

## പ്രസാധകക്കുറിപ്പ്

ലിസ്യുവിലെ വിശുദ്ധ കൊച്ചുത്രേസ്യാ ക്രൈസ്തവർക്കു സ്നേഹത്തിന്റെയും ആത്മസമർപ്പണത്തിന്റെയും അയൽക്കാരോടുള്ള താത്പര്യത്തിന്റെയും ദൈവിക കരുണയിലുള്ള സമ്പൂർണ ആശ്രയത്തിന്റെയും പാഠം നല്കുന്നു എന്നു പറഞ്ഞുകൊണ്ട് ഫ്രാൻസിസ് പാപ്പാ തന്റെ പുതിയ അപ്പസ്തോലിക ആഹ്വാനം ഇക്കഴിഞ്ഞ ഒക്ടോബർ 15-ാം തീയതി പ്രസിദ്ധീകരിക്കുകയുണ്ടായി.

വിശുദ്ധ കൊച്ചുത്രേസ്യായുടെ തിരുനാൾദിനമായ ഒക്ടോബർ ഒന്നാം തീയതിയോ അല്ലെങ്കിൽ അവളുടെ ജനനത്തിന്റെ 150-ാം വർഷം ആയിരുന്ന ജനുവരി രണ്ടാം തീയതിയോ അതുമല്ലെങ്കിൽ അവൾ വാഴ്ത്തപ്പെട്ടവൾ എന്ന് വിളിക്കപ്പെട്ടതിന്റെ നൂറാം വർഷമായ ഏപ്രിൽ ഇരുപത്തിയൊമ്പതാം തീയതിയോ ഈ ആഹ്വാനം പുറപ്പെടുവിക്കാൻ പാപ്പാ താത്പര്യപ്പെട്ടില്ല; കാരണം, ഈ അനുസ്മരണങ്ങൾക്കുമപ്പുറം നില്ക്കുന്നതാണ് അവളുടെ പ്രാധാന്യമെന്ന് പാപ്പാ കരുതുന്നു; എന്തെന്നാൽ അവളുടെ ജീവിതവും കൃതിയും സഭയുടെ ആധ്യാത്മികഭണ്ടാരത്തിന്റെ ഭാഗമായി തീർന്നിരിക്കുന്നു (4).

ഒരു ആവൃതിമഠത്തിൽ (cloistered convent) വച്ച് 24-ാമത്തെ വയസ്സിൽ അവൾ നിര്യാതയായെങ്കിലും തന്റെ പ്രാർഥനയും

മാതൃകയുംവഴി സുവിശേഷം പ്രഘോഷിക്കാനുണ്ടായിരുന്ന അവളുടെ അദമ്യമായ ആഗ്രഹത്തിന്റെ പശ്ചാത്തലത്തിൽ 1927-ൽ പതിനൊന്നാം പീയൂസ് പാപ്പാ അവളെ പ്രേഷിതപ്രവർത്തനത്തിന്റെ മധ്യസ്ഥയായി പ്രഖ്യാപിച്ചു; അവളുടെ ലിഖിതങ്ങളുടെ അടിസ്ഥാനത്തിൽ 1997-ൽ വിശുദ്ധ ജോൺപോൾ രണ്ടാമൻ പാപ്പാ അവളെ വേദപാരംഗത എന്ന വിളിച്ചു.

ആയതിനാൽ, വിശുദ്ധ കൊച്ചുത്രേസ്യായുടെ ആധ്യാത്മികതയെക്കുറിച്ച് ഇങ്ങനെ ഫ്രാൻസിസ് പാപ്പാ നിരീക്ഷിക്കുന്നു: 'ഈ കാലഘട്ടത്തിൽ മനുഷ്യർ പ്രതാപത്തിനും അധികാരത്തിന്റെ പുതിയ രൂപങ്ങൾക്കും പ്രാമുഖ്യം നല്കുമ്പോൾ, അവൾ നമുക്കു കുറുക്കുവഴി ചൂണ്ടിക്കാണിക്കുന്നു. നമ്മുടെ ഒട്ടനവധി സഹോദരീസഹോദരന്മാരെ മാറ്റിനിർത്തുന്ന ഒരു  കാലഘട്ടത്തിൽ പരസ്പരമുള്ള കരുതലിന്റെയും ഉത്തരവാദിത്വത്തിന്റെയും സൗന്ദര്യം അവൾ നമ്മെ പഠിപ്പിക്കുന്നു. വളരെ വലിയ സങ്കീർണതയുടെ ഈ കാലഘട്ടത്തിൽ, ലാളിത്യം, സ്നേഹത്തിന്റെ കറതീർന്ന പ്രാമുഖ്യം, ആശ്രയവും വിട്ടുകൊടുക്കലും എന്നിവയുടെ പ്രാധാന്യം വീണ്ടുംകണ്ടെത്താൻ അവൾ നമ്മെ സഹായിക്കുന്നു; അങ്ങനെ നിയമങ്ങളാലും ചട്ടങ്ങളാലും പൂരിതമായിരിക്കുകയും സുവിശേഷത്തിന്റെ സന്തോഷം ഇല്ലാതാക്കാൻ കാരണമായിത്തീരുകയും ചെയ്യുന്ന ഒരു ക്രൈസ്തവജീവിതത്തിന്റെ നൈയാമികവും സാന്മാർഗികപരവുമായ ഒരു മനഃസ്ഥിതിക്ക് അപ്പുറം പോകാൻ അവൾ നമ്മെ  പ്രേരിപ്പിക്കുന്നു'(52).

'കുറുക്കുവഴി' (little way) എന്നു ത്രേസ്യാ വിശേഷിപ്പിക്കുന്ന വിശുദ്ധിയുടെ പാത എല്ലാവർക്കും പിന്തുടരാവുന്നതാണ്. സ്വയം ചെറുതായിരിക്കുന്ന അവസ്ഥ തിരിച്ചറിഞ്ഞ്, ദൈവത്തിന്റെ കരുണയിൽ സമ്പൂർണമായി

ആശ്രയിക്കുന്ന ഭാവമാണത്. എല്ലാവർക്കുമുള്ള ജ്ഞാന സ്നാന കൃപ ത്രേസ്യായിൽ എങ്ങനെ പ്രവർത്തിച്ചു എന്നു പാപ്പാ വിവരിക്കുന്നു: 'ത്രേസ്യായുടെ ഹൃദയത്തിൽ, ജ്ഞാനസ്നാനത്തിന്റെ കൃപ ക്രിസ്തുവിന്റെ സ്നേഹ ത്തിന്റെ സമുദ്രത്തിലേക്ക് സാഹസികമാംവിധം എടുത്തു ചാടുന്ന മലവെള്ളപ്പാച്ചിൽ പോലെയായിരുന്നു. മാത്രമല്ല, അതിന്റെ ഉദ്ഭവത്തിൽ അതോടൊപ്പം സഹോദരീസഹോ ദരന്മാരുടെ ഒരു ജനസാമാന്യവും വലിച്ചുചേർക്കപ്പെട്ടു. ഇതുതന്നെയാണ് സംഭവിച്ചത്, ഏറെ പ്രത്യേകിച്ച് അവ ളുടെ മരണത്തിനുശേഷം. അത് അവൾ വാഗ്ദാനം ചെയ്തിരുന്ന "പനിനീർ പുഷ്പവർഷം"ആയിരുന്നു' (13).

വിശുദ്ധ പൗലോസ് അപ്പോസ്തലന്റെ കൊറിന്തോസുകാ ർക്കുള്ള ഒന്നാം ലേഖനത്തിലെ സഭ ഒരു ശരീരമാണെ ന്നുള്ള ചിത്രീകരണത്തിൽ താൻ ഏത് അവയവത്തിന്റെ സ്ഥാനത്ത് നില്ക്കുന്നു എന്നു ത്രേസ്യാ പരിചിന്തനം ചെയ്തു. മറ്റേതൊരു അവയവത്തിനുമുപരി താൻ സ്നേഹം ആയിരിക്കും എന്നു ത്രേസ്യാ നിരൂപിച്ചു; അതാണ് ഹൃദയ ത്തിന്റെ ഭാവം. സഭയുടെ ഹൃദയം സ്നേഹമാണ് എന്നുള്ളത് ഇന്നത്തെ സഭാംഗങ്ങൾക്കു വലിയൊരു ഉൾക്കാഴ്ചയാ ണെന്ന് പാപ്പാ കരുതുന്നു. കാരണം, 'സഭയെന്ന സ്ഥാപന ത്തിന്റെ പരിമിതികളും ബലഹീനതകളുംമൂലം ഉണ്ടാകുന്ന നിഴലുകളും പാപങ്ങളും നിമിത്തം ഇടർച്ച ഉണ്ടാകുന്ന തിൽനിന്നു നാം സംരക്ഷിക്കപ്പെടുന്നതിന് ഇത് ഉപകരി ക്കുന്നു. മാത്രമല്ല, "സ്നേഹത്താൽ ജ്വലിക്കുന്ന ഹൃദയവു മായി" സഭയിലേക്കു പ്രവേശിക്കാൻ ഇത് നമ്മെ പ്രാപ്ത രാക്കുന്നു. അപ്രകാരമുള്ള ഒരു ഹൃദയമാണല്ലോ പെന്ത ക്കോസ്തയിൽ പരിശുദ്ധാത്മാവിന്റെ ദാനംവഴിയായി ജ്വാലയായി കത്തിപ്പടർന്നത്. നമ്മുടെ ഓരോ ഉപവി പ്രവർത്തനത്തിലും അപ്രകാരമുള്ള ഒരു ഹൃദയത്തിന്റെ

അഗ്നിയാണ് പുനർജ്വലിപ്പിക്കപ്പെടുന്നത്. "ഞാൻ സ്നേഹമായിരിക്കും." ഇതാണ് ത്രേസ്യായുടെ വിപ്ലവകരമായ തിരഞ്ഞെടുപ്പ്; അവളെ സംബന്ധിച്ച സമ്പൂർണസംഗ്രഹവും അവളുടെ ആഴമാർന്ന ആധ്യാത്മിക സ്വത്വവും' (41). കൊച്ചുത്രേസ്യായോടു ചേർന്നുനിന്നുകൊണ്ട് പരിശുദ്ധ പിതാവ് നടത്തുന്ന ഈ വിചിന്തനം സഭാ വിശ്വാസികൾക്ക് അത്യന്തം പ്രചോദനവും ഊർജവും പകരുന്നതാണ്.

ഈ അപ്പസ്തോലിക ആഹ്വാനത്തിന്റെ പരിഭാഷ നടത്തിയ റവ. ഡോ. ജേക്കബ് പ്രസാദിനെ ഹൃദയപൂർവം അഭിനന്ദിക്കുകയും നന്ദി അറിയിക്കുകയും ചെയ്യുന്നു. ഇതിന്റെ സൂക്ഷ്മ പരിശോധന നടത്തിയ റവ. ഡോ. സിസ്റ്റർ സൂസി കിണററിങ്കൽ സി.ററി.സി., റവ. ഡോ. സിസ്റ്റർ റൂബി കുറുപ്പശ്ശേരി സി.ററി.സി., മലയാള ഭാഷാസംശോധനം നടത്തിയ ഷെവലിയർ ഡോ. പ്രീമൂസ് പെരിഞ്ചേരി എന്നിവരോടമുള്ള നന്ദിയും പ്രകാശിപ്പിക്കുന്നു.

ഇതിന്റെ ഡി. ടി. പി. ചെയ്ത ശ്രീമതി അമ്പിളി ജോസ്, അമ്മിണി ഫ്രാൻസിസ്, സിസ്റ്റർ കാർമൽ ബിയാട്രീസ് എ.എസ്.സി. എന്നിവരോടുള്ള കൃതജ്ഞതയും അറിയിക്കുന്നു. ഇതിന്റെ മുദ്രണം നിർവഹിച്ച വിയാനി പ്രിന്റിംഗിനോടുള്ള നന്ദിയും രേഖപ്പെടുത്തുന്നു.

**ഫാദർ ജേക്കബ് ജി. പാലയ്ക്കാപ്പിള്ളി**
ഡെപ്യൂട്ടി സെക്രട്ടറി ജനറൽ, കെ.സി.ബി.സി.,
ഡയറക്ടർ, പി.ഒ.സി.

16 ജനുവരി 2024
പാലാരിവട്ടം, കൊച്ചി-682025

1. ‘ഇതാണ് ദൈവാശ്രയബോധം, ഇതല്ലാതെ മറ്റൊന്നില്ല; ഈ ദൈവാശ്രയബോധമാണ് നമ്മെ സ്നേഹത്തിലേക്കു നയിക്കേണ്ടത്’ “C’est la confiance et rien que la confiance quit doit nous conduire à l’Amour” [1].

2. ഉണ്ണിയേശുവിന്റെയും തിരുമുഖത്തിന്റെയും വിശുദ്ധ ത്രേസ്യായുടെ ഈ സുന്ദരമായ വാക്കുകൾ എല്ലാം തന്നെയും പറയുന്നു. അവളുടെ ആധ്യാത്മികതയുടെ സർഗാത്മകത മുഴുവനും ഈ വാക്കുകൾ ഉൾക്കൊള്ളുന്നു. അവളെ വേദപാരംഗത (Doctor of the Church) എന്നു വിളിച്ചതിന് ഈ വാക്കുകൾതന്നെ മതിയായ കാരണമാകും. ദൈവാശ്രയബോധം, ‘ദൈവാശ്രയബോധം അല്ലാതെ മറ്റൊന്നില്ല’; എല്ലാം നല്കുന്ന സ്നേഹത്തിലേക്ക് നമ്മെ നയിക്കുന്ന ഏകമാർഗമാണത്. ദൈവാശ്രയബോധം വഴിയായി കൃപയുടെ നീർപ്രവാഹം നമ്മുടെ ജീവിതങ്ങളിലേക്ക് കരകവിഞ്ഞ് ഒഴുകിയെത്തുന്നു. അതുവഴിയായി, സുവിശേഷം നമ്മുടെ ഉള്ളിൽ മാംസം ധരിക്കുന്നു; അത് നമ്മെ നമ്മുടെ സഹോദരീസഹോദരന്മാർക്ക് കരുണയുടെ ചാലുകളാക്കിമാറ്റുന്നു.

3. ദൈവാശ്രയബോധമാണ് നമ്മെ നിത്യവും നിലനിർത്തുന്നത്; നമ്മെ കർത്താവ് തന്റെ പക്കലേക്കു വിളിക്കുന്ന ദിനത്തിൽ അവിടത്തെ മുമ്പിൽ നില്ക്കാൻ നമ്മെ പ്രാപ്തരാക്കുന്നതും അതുതന്നെ. ‘ഈ ജീവിതത്തിന്റെ സായാഹ്നത്തിൽ, ശൂന്യമായ കരങ്ങളുമായി നാഥാ, ഞാൻ നിന്റെ മുമ്പിൽ നില്ക്കും; എന്റെ പ്രവൃത്തികളുടെ എണ്ണം എടു

ക്കണം എന്നു ഞാൻ നിന്നോട് ആവശ്യപ്പെടുകയില്ല. ഞങ്ങളുടെ നീതി മുഴുവനും നിന്റെ നയനങ്ങളിൽ കറ പുരണ്ടതാണ്. ആകയാൽ, നിന്റെതന്നെ നീതിയാൽ ഞങ്ങൾ ധരിപ്പിക്കപ്പെടണമെന്നാണ് എന്റെ ആഗ്രഹം; അങ്ങനെ നിന്റെ സ്നേഹത്തിൽനിന്ന് സ്വീകരിക്കാൻ, നിന്നത്തന്നെ ശാശ്വതസ്വത്തായി സ്വീകരിക്കാനാകും' [2].

4. നമ്മുടെ ലോകത്ത് ഏറ്റവും കൂടുതൽ അറിയപ്പെടുന്നവളും ഏറെ പ്രിയങ്കരിയുമായ വിശുദ്ധയാണ് കൊച്ചുത്രേസ്യാ. അസ്സീസിയിലെ വിശുദ്ധ ഫ്രാൻസിസിനെ എന്നപോലെ അക്രൈസ്തവരും അവിശ്വാസികളും അവളെ സ്നേഹിക്കുന്നു. മാത്രമല്ല, സമകാലിക മനുഷ്യകുടുംബത്തിൽ നിർണായകമായ പ്രാധാന്യമുള്ള വ്യക്തികളിൽ ഒരാളായി യുനെസ്കോ (UNESCO) പോലും അവളെ അംഗീകരിച്ചിട്ടുണ്ട് [3]. അവളുടെ ജനനത്തിന്റെ 150-ാം വാർഷികവും (അലൻസോൺ, 2 ജനുവരി 1873) വാഴ്ത്തപ്പെട്ടവൾ എന്നു പ്രഖ്യാപിക്കപ്പെട്ടതിന്റെ ശതാബ്ദിയും[4] ആഘോഷിക്കുന്നതിന്റെ പശ്ചാത്തലത്തിൽ, അവളുടെ സന്ദേശത്തിന്റെ ഉള്ളറകളിലേക്ക് ആഴ്ന്നിറങ്ങുന്നത് ഉചിതമായിരിക്കും. എന്നാൽ, ഈ രണ്ട് തീയതികളിൽ ഏതെങ്കിലും ഒന്നിലോ ആരാധനക്രമത്തിലെ അവളുടെ സ്മരണദിനത്തിലോ ഈ ആഹ്വാനം പുറപ്പെടുവിക്കാൻ ഞാൻ താത്പര്യപ്പെട്ടില്ല. കാരണം, ഈ സന്ദേശം പ്രസ്തുത ആഘോഷങ്ങൾക്കുമുപരി നില്ക്കേണ്ടതുണ്ട്; ഇത് സഭയുടെ ആധ്യാത്മിക ഭണ്ഡാരത്തിന്റെ ഭാഗമായിത്തന്നെ സ്വീകരിക്കേണ്ടതാണ്. ഇത് ആവിലായിലെ വിശുദ്ധ അമ്മത്രേസ്യായുടെ ആരാധനക്രമത്തിലെ സ്മരണദിനത്തിൽ പുറപ്പെടുവിക്കപ്പെടാൻ കാരണം, ഉണ്ണിയേശുവിന്റെയും തിരുമുഖത്തിന്റെയും വിശുദ്ധ ത്രേസ്യായെ കർമലസഭയുടെ പരിഷ്കരണത്തിന്റെയും സ്പെയിൻകാരിയായ ആ മഹാവിശുദ്ധയുടെ ആധ്യാത്മി

കതയുടെയും പക്വമായ ഫലമായി അവതരിപ്പിക്കുന്ന തിന്റെ ഭാഗമായാണ്.

5. വിശുദ്ധ ത്രേസ്യായുടെ ഭൗമികജീവിതം വളരെ ഹ്രസ്വ മായിരുന്നു, കേവലം 24 വർഷം. അത് തികച്ചും സാധാര ണത്വം നിറഞ്ഞതായിരുന്നു, ആദ്യം തന്റെ കുടുംബത്തിലും തുടർന്ന് ലിസ്യുവിലെ കർമലമഠത്തിലും. അവളിൽ നിന്നു പുറപ്പെട്ട അനിതരസാധാരണമായ പ്രകാശവും അവൾ പ്രസരിപ്പിച്ച സ്നേഹവും അവളുടെ മരണത്തിനു ശേഷം ഉടൻതന്നെ അറിഞ്ഞുതുടങ്ങി; അത് അവൾ രേഖപ്പെ ടുത്തി വച്ചിരുന്നവ പ്രസിദ്ധീകരിച്ച പശ്ചാത്തലത്തിലും അവളുടെ മാധ്യസ്ഥ്യം തേടിയ വിശ്വാസികൾക്ക് അസംഖ്യം കൃപകൾ ലഭിച്ചതു കാരണവുമായിരുന്നു.

6. സഭ വളരെ പെട്ടെന്ന് അവളുടെ സുവിശേഷാത്മക ആധ്യാത്മികതയുടെ മഹത്തായ പ്രാധാന്യവും സവിശേ ഷതയും തിരിച്ചറിഞ്ഞു. 1887-ൽ റോമിലേക്കു നടത്തിയ ഒരു തീർഥാടനത്തിൽ അവൾ ലിയോ പതിമൂന്നാമൻ പാപ്പായെ കാണുകയും പതിനഞ്ചാമത്തെ വയസ്സിൽ കർമലമഠത്തിൽ ചേരാനുള്ള അനുവാദം ചോദിക്കുകയും ചെയ്തു. അവളുടെ നിര്യാണത്തിനുശേഷം ഒട്ടും താമസി യാതെ പീയൂസ് പത്താമൻ പാപ്പാ അവളുടെ ആധ്യാത്മിക തയുടെ ഗരിമ മനസ്സിലാക്കിക്കൊണ്ട് അവൾ ആധു നികകാലത്തെ ഏറ്റവും മഹത്ത്വമേറിയ വിശുദ്ധ എന്നു വിളിക്കപ്പെടും എന്നു പ്രസ്താവിക്കുകയുണ്ടായി. 1921-ൽ ബെനെഡിക്ട് പതിനഞ്ചാമൻ പാപ്പാ ത്രേസ്യായെ ധന്യ എന്നു പ്രഖ്യാപിക്കുകയും അവളുടെ പുണ്യങ്ങളെ പ്രകീർ ത്തിച്ചുകൊണ്ട് അവളുടെ ആധ്യാത്മിക ശിശുത്വത്തിന്റെ 'കുറുക്കുവഴി' ('little way') യിൽ ആ പുണ്യങ്ങൾ പ്രകാശിത മായിരിക്കുന്നതായി ദർശിക്കുകയും ചെയ്തു[5]. അവൾ ഒരു നൂറ്റാണ്ടുമുമ്പ് വാഴ്ത്തപ്പെട്ടവൾ എന്ന് വിളിക്കപ്പെടു കയുണ്ടായി; തുടർന്ന് 1925 മെയ് 17-ാം തീയതി പീയൂസ്

പതിനൊന്നാമൻ പാപ്പാ അവളെ വിശുദ്ധയായി പ്രഖ്യാപിച്ചു. അൾത്താര വണക്കത്തിനായി താൻ ഉയർത്തിയ ആദ്യത്തെ വാഴ്ത്തപ്പെട്ടവളായി അവൾ മാറിയതിലും താൻ വിശുദ്ധ എന്ന് പ്രഖ്യാപിച്ച ഒന്നാമത്തെ പുണ്യവതി അവൾ ആയതിലും അദ്ദേഹം കർത്താവിന് കൃതജ്ഞത പ്രകാശിപ്പിച്ചു[6]. 1927-ൽ ആ പാപ്പാതന്നെ അവളെ മിഷനറി പ്രവർത്തനത്തിന്റെ മധ്യസ്ഥയായി (Patroness of the Missions) പ്രഖ്യാപിച്ചു[7]. 1944-ൽ ധന്യനായ പീയൂസ് പന്ത്രണ്ടാമൻ പാപ്പാ ഫ്രാൻസിന്റെ മധ്യസ്ഥരിൽ ഒരാളായി (one of the patron saints) അവളെ പ്രഖ്യാപിച്ചു[8]; അദ്ദേഹം അവളുടെ ആധ്യാത്മിക ശിശുത്വം എന്ന ആശയം പല അവസരങ്ങളിലും വിപുലീകരിച്ചിട്ടുണ്ട് [9]. അവളുടെ മരണദിനമായ 1897 സെപ്റ്റംബർ 30-ാം തീയതി ആയിരുന്നു തന്റെ ജ്ഞാനസ്നാന സ്വീകരണദിനം എന്ന് അനുസ്മരിക്കാൻ വിശുദ്ധ പോൾ ആറാമൻ പാപ്പാ താത്പര്യപ്പെട്ടിട്ടുണ്ട്; അവളുടെ ജനനത്തിന്റെ നൂറാം വാർഷികത്തിൽ അവളുടെ പ്രബോധനങ്ങളെക്കുറിച്ച് അദ്ദേഹം ബൈഎവിലെയും ലിസ്യുവിലെയും (Bishop of Bayeux and Lisieux) മെത്രാന് ഒരു കത്തും അയച്ചു [10]. വിശുദ്ധ ജോൺ പോൾ രണ്ടാമൻ പാപ്പാ 1980 ജൂൺ 2-ാം തീയതി ഫ്രാൻസിൽ നടത്തിയ തന്റെ ഒന്നാമത്തെ അപ്പസ്തോലിക യാത്രയിൽ അവളുടെ നാമത്തിൽ പ്രതിഷ്ഠിക്കപ്പെട്ട ബസിലിക്ക സന്ദർശിക്കുകയും 1997-ൽ അവളെ വേദപാരംഗത (Doctor of the Church) എന്ന് പ്രഖ്യാപിക്കുകയും ചെയ്തു[11]. 'സ്നേഹ ശാസ്ത്രത്തിൽ ഒരു വിദഗ്ധ' (an expert in scientia amoris) എന്ന് ത്രേസ്യായെക്കുറിച്ച് പാപ്പാ പരാമർശിക്കുകയും ചെയ്തു[12]. ബെനെഡിക്ട് പതിനാറാമൻ പാപ്പാ ആകട്ടെ, അവളുടെ 'സ്നേഹത്തിന്റെ ശാസ്ത്രം' എന്ന വിഷയത്തിലേക്ക് തിരിയുകയും അതിനെ 'എല്ലാവർക്കുമുള്ള, ഏറെ പ്രത്യേകിച്ച്, ദൈവജനത്തിന്റെ ഇടയിൽ ദൈവ

ശാസ്ത്രജ്ഞർ എന്ന ശുശ്രൂഷ നിർവഹിക്കുന്നവർക്ക്, ഒരു മാർഗദർശിയായി' നിർദേശിക്കുകയും ചെയ്തു [13]. അവസാനമായി, 2015-ൽ കുടുംബങ്ങൾക്കുവേണ്ടിയുള്ള സിനഡ് നടന്നുകൊണ്ടിരുന്നപ്പോൾ അവളുടെ മാതാപിതാക്കന്മാരായ ലൂയിസിനെയും സെലിയെയും വിശുദ്ധരെന്നു വിളിക്കാനുള്ള ഭാഗ്യം എനിക്കുണ്ടായി. അടുത്തകാലത്ത്, എന്റെ ആഴ്ചതോറുമുള്ള പൊതുകൂടിക്കാഴ്ചയിൽ (General Audience), അപ്പോസ്തോലിക തീക്ഷ്ണതയെക്കുറിച്ചുള്ള മതബോധനത്തിന്റെ ഭാഗമായുള്ള പ്രസംഗപരമ്പരയിൽ ഒന്ന് വിശുദ്ധ കൊച്ചുത്രേസ്യായെക്കുറിച്ചായിരുന്നു[14].

## 1. മറ്റുള്ളവർക്കായുള്ള യേശു

7. സമർപ്പിത എന്ന രീതിയിൽ ത്രേസ്യാ തിരഞ്ഞെടുത്ത നാമത്തിൽ യേശുവിനുള്ള 'ഉണ്ണി' എന്ന വിശേഷണം മനു ഷ്യാവതാരത്തിന്റെ രഹസ്യം പ്രകാശിപ്പിക്കുന്നു; അതോ ടൊപ്പംതന്നെ, 'തിരുമുഖം' കുരിശിൽ തന്നത്തന്നെ സമ്പൂർ ണമായി സമർപ്പിച്ചവന്റെ സ്മരണയും. അവൾ 'ഉണ്ണി യേശുവിന്റെയും തിരുമുഖത്തിന്റെയും വിശുദ്ധ ത്രേസ്യാ' ആണ്.

8. സ്നേഹത്തിന്റെ ഒരു പ്രവൃത്തി എന്ന നിലയിൽ യേശു നാമം എപ്പോഴും അവളുടെ അധരങ്ങളിൽ ഉണ്ടായിരുന്നു, അതും അവളുടെ അന്ത്യശ്വാസംവരെ. അവളുടെ മുറിയിലും അത് അവൾ എഴുതി വച്ചിരുന്നു: 'യേശുവാണ് എന്റെ ഏക സ്നേഹം.' പുതിയ നിയമത്തിലെ സമുന്നതപ്രസ്താവന യായ 'ദൈവം സ്നേഹമാകുന്നു' (1 യോഹ 4:8,16) എന്ന തിന്റെ അവളുടെ വ്യാഖ്യാനമായിരുന്നു അത്.

### ഒരു പ്രേഷിതാത്മാവ്

9. ക്രിസ്തുവുമായുള്ള ഓരോ യഥാർഥ കണ്ടുമുട്ടലിലും എന്നപോലെ ഈ വിശ്വാസത്തിന്റെ അനുഭവം അവളെ പ്രേഷിതത്വത്തിലേക്കു ക്ഷണിച്ചു. ത്രേസ്യായ്ക്ക് തന്റെ പ്രേഷിതദൗത്യത്തെക്കുറിച്ച് ഇപ്രകാരം പറയാനാവുമായി രുന്നു: 'ഇപ്പോൾ ഞാൻ ഭൂമിയിൽ ചെയ്യുന്ന ഓരേ കാര്യം തന്നെ സ്വർഗത്തിലും ചെയ്യാൻ ഞാൻ ആഗ്രഹിക്കുന്നു: യേശുവിനെ സ്നേഹിക്കാനും അവൻ സ്നേഹിക്കപ്പെ ടാനും' [15]. 'ആത്മാക്കളെ രക്ഷിക്കാനാണ്' [16] താൻ കർമല

മഠത്തിൽ ചേർന്നതെന്ന് അവൾ എഴുതി. ചുരുക്കത്തിൽ, ദൈവത്തോടുള്ള തന്റെ സമർപ്പണം തന്റെ സഹോദരീ സഹോദരന്മാരുടെ നന്മ അന്വേഷിക്കുന്നതിൽനിന്നു വ്യത്യസ്തമായ ഒന്നായി അവൾ വീക്ഷിച്ചില്ല. പിതാവിനു പാപിയായ തന്റെ പുത്രനോടുള്ള കരുണാർദ്രസ്നേഹവും നഷ്ടപ്പെട്ടതും വഴിതെറ്റിയതും മുറിവേറ്റതുമായ ആടിനോടുള്ള നല്ല ഇടയന്റെ സ്നേഹവും അവൾ പങ്കുവയ്ക്കുകയുണ്ടായി. അക്കാരണത്താൽ, ത്രേസ്യാ പ്രേഷിതപ്രവർത്തനത്തിന്റെ മധ്യസ്ഥയും സുവിശേഷവൽകരണത്തിന്റെ മാതൃകയുമാണ്.

10. അവളുടെ 'ഒരാത്മാവിന്റെ കഥ' (Story of a Soul [മലയാളത്തിൽ, *നവമാലിക*]) [17] യുടെ അവസാന താളുകൾ ഒരു പ്രേഷിത ഒസ്യത്താണ്. സുവിശേഷവൽകരണം സമ്മർദമോ മതപരിവർത്തനശ്രമങ്ങളോ കൊണ്ടല്ല, പ്രത്യുത ആകർഷണം വഴിയാണ് നടക്കുന്നത് [18] എന്ന യാഥാർഥ്യത്തിന്റെ ഒരു ആസ്വാദനമാണ് പ്രസ്തുത താളുകളിൽ പ്രകാശിതമാകുന്നത്. ഇക്കാര്യത്തിൽ, അവളുടെ തന്നെ വാക്കുകൾ ശ്രദ്ധാർഹമാണ്: എന്നെ നിന്നിലേക്ക് അടുപ്പിക്കുക; നിന്റെ തൈലങ്ങളുടെ പരിമളത്തിന്റെ പിന്നാലേ ഞങ്ങൾ ഓടാം. ഓ, യേശുവേ, എന്നെ നിന്നോട് അടുപ്പിക്കുമ്പോൾ, ഞാൻ സ്നേഹിക്കുന്ന ആത്മാക്കളെയും നിന്നോട് അടുപ്പിക്കണമേ എന്ന് പറയേണ്ടതില്ലല്ലോ! എന്നെ നിന്നോട് അടുപ്പിക്കുക എന്ന ചെറിയ വാക്യം മാത്രം മതിയല്ലോ! നാഥാ, നിന്റെ തൈലങ്ങളുടെ പരിമളത്താൽ വശീകരിക്കപ്പെടാൻ ഒരു ആത്മാവ് തന്നത്തന്നെ അനുവദിക്കുമ്പോൾ, അവൾക്ക് ഒറ്റയ്ക്ക് ഓടാൻ സാധിക്കുകയില്ലെന്ന് ഞാൻ മനസ്സിലാക്കുന്നു; അവൾ സ്നേഹിക്കുന്ന എല്ലാ ആത്മാക്കളും അവളുടെ പിന്നാലേ വരുന്നു; ഇത് നിർബന്ധത്താലോ അശ്രാന്തപരിശ്രമത്താലോ

നടക്കുന്ന ഒന്നല്ല; നിന്നോടുള്ള അവളുടെ ആകർഷണ ത്തിന്റെ സ്വാഭാവിക പരിണതഫലം തന്നെയാണത്. ഒരു മലവെള്ളപ്പാച്ചിൽ സാഹസികമാംവിധം സമുദ്രത്തിലേക്ക് കുതിച്ചുചാടുമ്പോൾ അതു തന്റെ വഴിയിൽ കണ്ടെത്തിയ എല്ലാറ്റിനെയും സമുദ്രത്തിലേക്ക് വലിച്ചുചേർക്കുന്നതു പോലെ, ഓ യേശുവേ, നിന്റെ കരകാണാക്കടലിന്റെ സ്നേ ഹത്തിൽ നിമഗ്നയാകുന്ന ഒരാത്മാവ് അവൾക്ക് സ്വന്ത മായുള്ള അമൂല്യവസ്തുക്കളെയെല്ലാം തന്നിലേക്ക് ആകർ ഷിക്കുന്നു. എന്നോട് ചേർത്തുവയ്ക്കാൻ നീ ആഗ്രഹിച്ച ആത്മാക്കളല്ലാതെ മറ്റ് അമൂല്യവസ്തുക്കളൊന്നും എനി ക്കില്ലെന്നു നീ അറിയുന്നുവല്ലോ, നാഥാ' [19].

11. ഈ ഖണ്ഡികയിൽ ഉത്തമഗീതത്തിൽ (1:3-4) മണ വാട്ടി മണവാളനോടു പറയുന്ന വാക്കുകൾ ത്രേസ്യാ ഉദ്ധ രിക്കുന്നു. ഇവിടെ അവൾ കർമലകുടുംബത്തിലെ വേദ പാരംഗതരായ ആവിലായിലെ വിശുദ്ധ അമ്മ ത്രേസ്യായു ടെയും കുരിശിന്റെ വിശുദ്ധ യോഹന്നാന്റെയും ആഴ മാർന്ന വ്യാഖ്യാനമാണ് പിന്തുടരുന്നത്. ദൈവപുത്രനായ യേശുവാണ് ഇവിടെ മണവാളൻ; തന്റെ മനുഷ്യാവ താരംവഴിയായി നമ്മുടെ മനുഷ്യപ്രകൃതി അവിടന്ന് തന്നോട് യോജിപ്പിക്കുകയും അതിനെ കുരിശിലൂടെ വീണ്ടെടുക്കുകയും ചെയ്തു. തന്റെ തുറന്ന പാർശ്വത്തി ലൂടെ അവിടന്ന് തന്റെ വധുവായ സഭയ്ക്ക് ജന്മം നല്കി; അവിടന്ന് അവൾക്കു വേണ്ടി സ്വജീവൻ നല്കി (എഫേ 5:25 കാണുക). ഇവിടെ വളരെ സവിശേഷമായ ഒരു കാര്യം ശ്രദ്ധിക്കേണ്ടതായുണ്ട്: ഉടൻതന്നെ ഉണ്ടാകാൻ പോകുന്ന തന്റെ മരണം മുന്നിൽകണ്ട ത്രേസ്യാ ഈ രഹസ്യം കേവലം വ്യക്തിപരമായ ആശ്വാസത്തിന്റെ ഉറവിടമായല്ല സമീപിച്ചത്, പ്രത്യുത തീക്ഷ്ണമായ അപ്പ സ്തോലിക ചൈതന്യത്തിലാണ് അതിനെ വീക്ഷിച്ചത്.

## സ്വയം കേന്ദ്രീകൃതത്വത്തിൽ നിന്ന് നമ്മെ മോചിപ്പിക്കുന്ന കൃപ

12. ത്രേസ്യാ പരിശുദ്ധാത്മാവിന്റെ പ്രവർത്തനത്തെക്കുറിച്ച് സംസാരിക്കുമ്പോൾ ഏതാണ്ട് ഈ കാര്യംതന്നെ പറയുന്നതായി നമുക്ക് തോന്നും. കാരണം, അത് ഉടൻതന്നെ ഒരു പ്രേഷിതപരിവേഷം അണിയുന്നു: 'ഇതാണ് എന്റെ പ്രാർഥന. തന്റെ സ്നേഹത്തിന്റെ ജ്വാലയിലേക്ക് എന്നെ അടുപ്പിക്കണമേ എന്നു ഞാൻ യേശുവിനോട് ആവശ്യപ്പെടുന്നു. അതായത്, എന്നെ അവനോട് ചേർത്തുപിടിക്കണമേയെന്ന്, അങ്ങനെ അവൻ എന്നിൽ ജീവിക്കുകയും പ്രവർത്തിക്കുകയും ചെയ്യണമേ എന്ന്. എത്രയും കൂടുതൽ സ്നേഹാഗ്നി എന്റെ ഹൃദയത്തിൽ ജ്വലിക്കുന്നുവോ, അത്രയും കൂടുതൽ ഞാൻ പറയും, "എന്നെ ചേർത്തുപിടിക്കുക". ആത്മാക്കൾ (പാവപ്പെട്ട ചെറിയ ഇരുമ്പിൻ കഷണങ്ങളാണവ - ഞാൻ അവയെ ദിവ്യതീച്ചൂളയിൽ നിന്ന് പിൻവലിക്കുകയാണെങ്കിൽ കേവലം ഉപകാരം ഇല്ലാത്തവയായിത്തീരും) എത്രമാത്രം എന്റെ അടുത്തേക്ക് വരുന്നുവോ അത്രമാത്രം വേഗത്തിൽ അവർ അവരുടെ പ്രിയന്റെ തൈലങ്ങളുടെ പരിമളത്തിലേക്ക് ഓടിയെത്തും. എന്തെന്നാൽ, സ്നേഹംകൊണ്ടു ജ്വലിക്കുന്ന ഒരാത്മാവിന് നിർജീവമായിരിക്കാൻ സാധിക്കുകയില്ല' [20].

13. ത്രേസ്യായുടെ ഹൃദയത്തിൽ, ജ്ഞാനസ്നാനത്തിന്റെ കൃപ ക്രിസ്തുവിന്റെ സ്നേഹത്തിന്റെ സമുദ്രത്തിലേക്ക് സാഹസികമാംവിധം എടുത്തുചാടുന്ന മലവെള്ളപ്പാച്ചിൽ പോലെയായിരുന്നു. മാത്രമല്ല, അതിന്റെ ഉദ്ഭവത്തിൽ അതോടൊപ്പം സഹോദരീസഹോദരന്മാരുടെ ഒരു ജനസാമാന്യവും വലിച്ചുചേർക്കപ്പെട്ടു. ഇതുതന്നെയാണ് സംഭവിച്ചത്, ഏറെ പ്രത്യേകിച്ച് അവളുടെ മരണത്തിനു ശേഷം. അത് അവൾ വാഗ്ദാനം ചെയ്തിരുന്ന 'പനിനീർ പുഷ്പവർഷം' ആയിരുന്നു [21].

## 2. ദൈവാശ്രയത്വത്തിന്റെയും സ്നേഹത്തിന്റെയും 'കുറുക്കുവഴി'

14. ദൈവജനത്തിനു മുഴുവനും ഉപകരിക്കത്തക്കവിധത്തിലുള്ള ത്രേസ്യായുടെ മുഖ്യ കാഴ്ചപ്പാടുകളിൽ ഒന്നാണ് അവളുടെ 'കുറുക്കു വഴി', അതായത്, ദൈവാശ്രയത്വത്തിന്റെയും സ്നേഹത്തിന്റെയും പാത. 'ആധ്യാത്മികശിശുത്വത്തിന്റെ വഴി' എന്നും ഇത് അറിയപ്പെടുന്നു. എല്ലാവർക്കും, ഏതുപ്രായത്തിലും ഏതുജീവിതാന്തസ്സിലും ഉള്ളവർക്കും, ഈ പാത പിന്തുടരാവുന്നതാണ്. സ്വർഗീയപിതാവ് എളിയ വർക്ക് വെളിപ്പെടുത്തിക്കൊടുക്കുന്ന പാതയാണിത് (മത്താ 11:25 കാണുക).

15. 'ഒരാത്മാവിന്റെ കഥയിൽ' [22] ഈ കുറുക്കുവഴി താൻ എങ്ങനെ കണ്ടെത്തിയെന്നു ത്രേസ്യാ വിവരിക്കുന്നു: 'ഞാൻ വളരെ ചെറിയവളാണെങ്കിൽപ്പോലും, എനിക്കു വിശുദ്ധി പ്രാപിക്കാൻ ആഗ്രഹിക്കാവുന്നതാണ്. വളർന്നു വലുതാകാൻ എനിക്ക് സാധിക്കുകയില്ല; അതിനാൽ ഞാൻ ഇപ്പോഴായിരിക്കുന്ന രീതിയിൽ എന്നത്തന്നെ, എന്റെ എല്ലാ അപൂർണതകളോടുംകൂടെ, ഞാൻ അംഗീകരിക്കണം. പക്ഷേ, സ്വർഗത്തിൽ പോകാനുള്ള വഴി ഞാൻ കണ്ടുപിടിക്കണം, ഒരു കുറുക്കുവഴി, വളരെ നേരായുള്ള ഒരു വഴി, വളരെ ചെറിയ വഴി, പൂർണമായും പുതിയതായ വഴി' [23].

16. ഈ വഴിയെപ്പററി പറയാൻ അവൾ ഒരു ലിഫ്റ്റിന്റെ (elevator) സാദൃശ്യം ഉപയോഗപ്പെടുത്തുന്നു: 'ഓ യേശുവേ, സ്വർഗത്തിലേക്ക് എന്നെ ഉയർത്തുന്ന ലിഫ്റ്റ്, നിന്റെ കരങ്ങളാണ്. അതിനായി ഞാൻ വളരേണ്ടതില്ല, മറിച്ച്, ഞാൻ ചെറുതായിരുന്നാൽ മാത്രം മതി, കൂടുതൽ കൂടുതൽ ചെറുതാകണം' [24]. ചെറുതായിരിക്കുക, സ്വയം ആശ്രയിക്കുന്നതിന് കഴിവില്ലാതിരിക്കുക, അതേസമയം കർത്താവിന്റെ സ്നേഹമസൃണമായ കരങ്ങളിൽ പൂർണമായും സുരക്ഷിതമായിരിക്കുക എന്നത്.

17. ഇതാണ് എല്ലാവരുടെയും മുമ്പിൽ, എളിയവരുടെയും പാവപ്പെട്ടവരുടെയും മുമ്പിൽ, യേശു നിരത്തിവയ്ക്കുന്ന 'സ്നേഹത്തിന്റെ മധുരതരമായ വഴി' [25]. ഇത് പെലാജിയൂസിന്റെ വിശുദ്ധിയെക്കുറിച്ചുള്ള സങ്കല്പത്തിൽനിന്ന് വിഭിന്നമാണ് [26]; പെലാജിയൂസിന്റേത് വൈയക്തികവും വരേണ്യവർഗപരവും യോഗാത്മകതയ്ക്കുപരി തപസ്സാത്മകവും മുഖ്യമായും മാനുഷിക പ്രയത്നത്തിൽ ഊന്നിയതുമാണ്. ത്രേസ്യാ ആകട്ടെ, എപ്പോഴും ദൈവത്തിന്റെ പ്രവൃത്തിക്ക് പ്രാമുഖ്യം നല്കുന്നു; അതായത്, അവിടത്തെ കൃപാദാനത്തിന്. അതിനാൽ, അവൾക്ക് പറയാൻ സാധിക്കുമായിരുന്നു: 'ഒരു വലിയ വിശുദ്ധ ആകുന്നതിനെക്കുറിച്ച് ഉറപ്പിച്ചു പറയാൻ കഴിയും എന്നാണ് എനിക്കെപ്പോഴും തോന്നുന്നത്; എന്തെന്നാൽ, എന്റെ കഴിവുകളിൽ അല്ല ഞാൻ ആശ്രയിക്കുന്നത്; എനിക്ക് ഒന്നും ഇല്ലല്ലോ. ഞാൻ അവിടന്നിൽ ആശ്രയിക്കുന്നു; അവിടന്നാണ് പുണ്യവും വിശുദ്ധിയും. എന്റെ ദുർബലമായ ശ്രമങ്ങളിൽ സംപ്രീതനായി, ദൈവംമാത്രം അവിടത്തെ പക്കലേക്ക് എന്നെ ഉയർത്തും; അങ്ങനെ അവിടന്ന്, അവിടത്തെ അനന്തമായ കഴിവുകളാൽ എന്നെ ധരിപ്പിച്ചുകൊണ്ട് എന്നെ ഒരു വിശുദ്ധയാക്കും'[27].

## എല്ലാ യോഗ്യതകൾക്കുമപ്പുറം

18. പക്ഷേ, ഈ തരത്തിലുള്ള പ്രതിപാദന ശൈലി കൃപ യുടെ വർധനയെക്കുറിച്ചുള്ള പരമ്പരാഗത കത്തോലിക്കാ പ്രബോധനത്തിന് ഒട്ടും വിരുദ്ധമല്ല. ശുദ്ധീകരണവര പ്രസാദത്താൽ നാം ഒരിക്കൽ നീതിമത്കരിക്കപ്പെട്ടാൽ പിന്നെ, നാം വ്യത്യസ്തരാക്കപ്പെടുകയും വിശുദ്ധിയിൽ വളരാനുള്ള പ്രക്രിയയിൽ നമ്മുടെ സൽകൃത്യങ്ങൾവഴി നാം ദൈവത്തോട് സഹകരിക്കാൻ പ്രാപ്തരായിത്തീരു കയും ചെയ്യും എന്നാണല്ലോ ദൈവശാസ്ത്ര കാഴ്ചപ്പാട്. ഈ 'ഉയർത്തപ്പെടൽ' വഴിയായി, നാം സ്വീകരിച്ച കൃപ യുടെ വികാസത്തിന്റെ അടിസ്ഥാനത്തിൽ, നമുക്ക് യഥാർഥ യോഗ്യതകൾ നേടിയെടുക്കാൻ സാധിക്കും.

19. ത്രേസ്യാ ആകട്ടെ, ദൈവത്തിന്റെ പ്രവൃത്തിയുടെ പ്രാമുഖ്യം എടുത്തുകാട്ടാൻ ആഗ്രഹിച്ചു; ക്രിസ്തുവിന്റെ അവസാനത്തുള്ളിവരെ ചിന്തപ്പെട്ട സ്നേഹത്തെക്കുറിച്ച് നാം ധ്യാനിക്കുമ്പോൾ, സമ്പൂർണമായ ആശ്രയബോധം വളർത്തിയെടുക്കാൻ അവൾ നമ്മെ പ്രേരിപ്പിക്കുന്നു. നമുക്ക് നമ്മെക്കുറിച്ചുതന്നെ പൂർണമായ നിശ്ചയം ഉണ്ടാ യിരിക്കാൻ സാധ്യതയില്ലാത്തതിനാൽ, നമ്മുടെ യോഗ്യ തകളെക്കുറിച്ച് നമുക്ക് തീർച്ച ഉണ്ടായിരിക്കാൻ സാധി ക്കുകയില്ല എന്ന അവബോധമാണ് അവളുടെ പ്രബോ ധനത്തിന്റെ അകക്കാമ്പ് [28]. ആകയാൽ, നമ്മുടെതന്നെ പ്രയത്നങ്ങളിലും നേട്ടങ്ങളിലും നമുക്ക് ആശ്രയിക്കാൻ ആവില്ല. വിശുദ്ധ ത്രേസ്യാ കർത്താവിനോട് പറഞ്ഞ അതേ വാക്കുകൾ ഉദ്ധരിക്കാൻ മതബോധനഗ്രന്ഥം തയ്യാറായി: 'ശൂന്യമായ കരങ്ങളുമായി ഞാൻ നിന്റെ മുമ്പിൽ പ്രത്യക്ഷപ്പെടും'[29]; 'തങ്ങളുടെ യോഗ്യതകൾ ശുദ്ധമായ കൃപയാണ്, എന്ന സജീവബോധ്യം വിശുദ്ധ ർക്ക് എപ്പോഴും ഉണ്ടായിരുന്നു' [30] എന്നു ധ്വനിപ്പിക്കാ

നാണ് മതബോധനഗ്രന്ഥം അപ്രകാരം ചെയ്തത്. ഈ ബോധ്യം ആനന്ദകരവും മൃദുവുമായ കൃതജ്ഞതാപ്രകാശനത്തിന് വഴി തെളിക്കുന്നു.

20. ആകയാൽ, നാം തമ്മിൽത്തന്നെ ഹൃദയപൂർവം ആശ്രയം അർപ്പിക്കാതിരിക്കുക ഏറ്റവും ഉചിതമാണ്; പ്രത്യുത, ദൈവത്തിന്റെ അനന്ത കരുണയിലാണ് നാം ആശ്രയം അർപ്പിക്കേണ്ടത്; കാരണം, ദൈവം നമ്മെ വ്യവസ്ഥകളില്ലാതെ സ്നേഹിക്കുകയും യേശുക്രിസ്തുവിന്റെ കുരിശിലൂടെ നമുക്ക് എല്ലാംതന്നെ നല്കുകയും ചെയ്തിരിക്കുന്നു [31]. അതിനാൽ, 'ഞാനൊരു വിശുദ്ധയാകും' എന്ന സർവസാധാരണമായി അക്കാലത്ത് ഉപയോഗിച്ചുവന്ന പ്രയോഗം ത്രേസ്യാ ഒരിക്കലും ഉപയോഗിച്ചിട്ടില്ല.

21. ആകയാൽ, ഉയർത്തപ്പെടാനോ വലിയ ഉയരങ്ങൾ എത്തിപ്പിടിക്കാൻ പരിവർത്തിതപ്പെടാനോ സാധിക്കാത്ത വിധം സ്വയം ബലഹീനരും, പരിമിതരും പാപികളുമാണെന്നു കരുതിയിരുന്നവരെ പ്രോത്സാഹിപ്പിക്കുന്നതായിരുന്നു ത്രേസ്യായുടെ നിസ്സീമമായ ദൈവാശ്രയബോധം. 'ആത്മാവിൽ ഏറ്റവും എളിയവളായ ഇവൾക്ക് തോന്നുന്ന വിധം, അതായത് നിന്റെ കൊച്ചുത്രേസ്യായുടെ ആത്മാവിന് തോന്നുന്നവിധം, ബലഹീനരും അപൂർണരുമായ എല്ലാ ആത്മാക്കൾക്കും തോന്നിയാൽ അവരിൽ ഒരാൾക്കുപോലും സ്നേഹത്തിന്റെ ഗിരിശൃംഗത്തിൽ എത്തിച്ചേരാൻ സാധിക്കുകയില്ല എന്ന നിരാശതാബോധത്തിലേക്ക് നിപതിക്കേണ്ടിവരികയില്ല. യേശു നമ്മിൽനിന്നു മഹത്തായ പ്രവൃത്തികൾ ആവശ്യപ്പെടുന്നില്ല, മറിച്ച് സമർപ്പണവും കൃതജ്ഞതയും മാത്രം'[32].

22. ദിവ്യകാരുണ്യത്തെക്കുറിച്ച് സംസാരിക്കുമ്പോൾ, ദൈവത്തിന്റെ ഭാഗത്തുനിന്നുള്ള, ഈ തുടക്കം സംബന്ധിച്ച

ചിന്തയാണ് ത്രേസ്യായെ നയിക്കുന്നത്; അതായത്, അവൾ കരുതുന്നത്, യേശുവിനെ ദിവ്യകാരുണ്യത്തിൽ അവൾ സ്വീകരിക്കാൻ താത്പര്യപ്പെടുന്നതിനുമുമ്പുതന്നെ, യേശുവിന് നമ്മോട് ഐക്യപ്പെടാനും നമ്മുടെ ഹൃദയങ്ങളിൽ വസിക്കാനുമുള്ള ആഗ്രഹമുണ്ടാവുകയും ചെയ്തു എന്നാണ്[33]. തന്റെ 'കരുണാർദ്രസ്നേഹത്തോടുള്ള സമർപ്പണപ്രാർഥനയിൽ' (Act of Oblation to Merciful Love) അവൾക്ക് എല്ലാ ദിവസവും ദിവ്യകാരുണ്യം സ്വീകരിക്കാനുള്ള കഴിവില്ലാതിരുന്നതുകൊണ്ട് അവൾ ഇപ്രകാരം യേശുവിനോടു പറഞ്ഞു: 'ഒരു സക്രാരിയിൽ എന്നപോലെ നീ എന്നിൽ വസിക്കണമേ'[34]. അവളുടെ ദൃഷ്ടികൾ തന്നിലേക്കു മാത്രമോ തന്റെതന്നെ ആവശ്യങ്ങളിലേക്കോ തിരിഞ്ഞിരിക്കുന്നവ ആയിരുന്നില്ല; അവ ക്രിസ്തുവിലേക്ക് ആണ് തിരിഞ്ഞിരുന്നത്; സ്നേഹിക്കുകയും അന്വേഷിക്കുകയും ആഗ്രഹിക്കുകയും ഉള്ളിൽ വസിക്കുകയും ചെയ്യുന്ന ക്രിസ്തുവിലേക്ക്.

## നിത്യേനയുള്ള വിട്ടുകൊടുക്കൽ

23. ത്രേസ്യാ നിർദേശിക്കുന്ന ഈ ദൈവാശ്രയബോധം കേവലം വ്യക്തിയുടെ വിശുദ്ധീകരണത്തിനും രക്ഷയ്ക്കും ഉപരി നില്ക്കുന്നതാണ്. മൂർത്തമായ അസ്തിത്വത്തിന്റെ മുഴുവൻ ഭാവത്തെയും സ്പർശിക്കുന്ന വിധത്തിൽ അതിനൊരു സമഗ്രമായ അർഥമുണ്ട്; അത് നമ്മുടെ സാധാരണ ജീവിതത്തിൽ മുഴുവൻ പ്രസക്തിയുള്ളതായി മാറുന്നു; അവിടെയാണല്ലോ പലപ്പോഴും നാം ഭയത്താൽ അസ്വസ്ഥരാകുകയും, മാനുഷികമായ സുരക്ഷിതത്വത്തിന് ആഗ്രഹിക്കുകയും, എല്ലാം നമുക്കു വിധേയമാക്കി നിറുത്താൻ ആഗ്രഹിക്കുകയും ചെയ്യുന്നത്. ഇവിടെയാണ് നാം

അവൾ പറയുന്ന പരിശുദ്ധമായ 'വിട്ടുകൊടുക്കലിന്റെ' പ്രാധാന്യം മനസ്സിലാക്കുന്നത്.

24. സമ്പൂർണമായ ദൈവാശ്രയബോധം സ്നേഹത്തിലുള്ള ഒരു വിട്ടുകൊടുക്കലിന് സമമായിത്തീരുന്നു; അത് നമ്മെ ഒഴിയാബാധപോലുള്ള കണക്കുകൂട്ടലുകളിൽ നിന്നും ഭാവിയെക്കുറിച്ചുള്ള നിരന്തരമായ വേവലാതിയിൽനിന്നും നമ്മുടെ സമാധാനം കെടുത്തുന്ന ഭയങ്ങളിൽനിന്നും സ്വതന്ത്രരാക്കുന്നു. തന്റെ അവസാന നാളുകളിൽ ത്രേസ്യാ ഇക്കാര്യം ഊന്നിപ്പറഞ്ഞു: 'സ്നേഹത്തിന്റെ പാതയിലൂടെ മുന്നേറുന്ന നമുക്ക്, ഭാവിയിൽ സംഭവിക്കാവുന്ന സഹനത്തെക്കുറിച്ച് നാം ആകുലരാവരുത്; അത് ദൈവാശ്രയബോധത്തിലുള്ള ഒരു കുറവായിരിക്കും' [35]. നമ്മെ പരിധികളില്ലാതെ സ്നേഹിക്കുന്ന പിതാവിന്റെ കരങ്ങളിലാണ് നാമെങ്കിൽ, എന്തു സംഭവിച്ചാലും നാം അവിടെത്തന്നെ ആയിരിക്കും. നമുക്ക് എന്തെങ്കിലും സംഭവിക്കുന്നുണ്ടെങ്കിൽ അതിനും ഉപരിപോകാൻ നമുക്കു സാധിക്കും; ഒരു രീതിയിൽ അല്ലെങ്കിൽ മറ്റൊരു രീതിയിൽ അവിടത്തെ സ്നേഹത്തിന്റെയും പൂർണതയുടെയും പദ്ധതി നമ്മുടെ ജീവിതങ്ങളിൽ നിറവേറുകയും ചെയ്യും.

## രാത്രിയിൽ ജ്വലിക്കുന്ന അഗ്നിനാളം

25. രാത്രിയുടെ കൂരിരുട്ടിലും കാൽവരിയുടെ ഇരുളിന്റെ മധ്യേയും ത്രേസ്യായ്ക്ക് വിശ്വാസത്തിന്റെ അതിശക്തവും സുനിശ്ചിതവുമായ അനുഭവമുണ്ടായി. ഇതിനെക്കുറിച്ചുള്ള അവളുടെ സാക്ഷ്യം അതിന്റെ ഉച്ചകോടിയിലെത്തിയത് അവളുടെ ജീവിതത്തിന്റെ അവസാന മാസങ്ങളിലായിരുന്നു; അതായത്, 1896-ലെ ഉയിർപ്പ്തിരുനാളിനോടനുബന്ധിച്ച്, 'വിശ്വാസത്തിനെതിരേ ഉണ്ടായ മഹാപരീക്ഷണത്തിൽ' [36]. അവളുടെ വിവരണത്തിൽ [37] അവൾ

തന്റെ ഈ പരീക്ഷണദിശയെ തന്റെ കാലഘട്ടത്തിൽ ത്തന്നെ ഉണ്ടായിരുന്ന ദുഃഖകരമായ യാഥാർഥ്യമായി നിരീ ശ്വരവാദത്തോടു ബന്ധപ്പെടുത്തുന്നു. തത്ത്വശാസ്ത്ര പരവും പ്രത്യയശാസ്ത്രപരവുമായ ആധുനിക നാസ്തിക ചിന്തയുടെ 'സുവർണയുഗം' ആയിരുന്നു പത്തൊമ്പതാം നൂറ്റാണ്ടിന്റെ അവസാന വർഷങ്ങൾ. തന്റെ ആത്മാവിനെ 'കുറ്റാക്കുറ്റിരുട്ടിനാൽ ആക്രമിക്കപ്പെടാൻ' [38] യേശു അനു വദിച്ചു എന്നവൾ എഴുതുമ്പോൾ, അവൾ നാസ്തികത്വ ത്തിന്റെ ഇരുട്ടിനെയും ക്രിസ്തീയ വിശ്വാസത്തിന്റെ തിര സ്കരണത്തെയുമായിരുന്നു സൂചിപ്പിച്ചത്. പാപത്തിന്റെ ഇരുളിനെ തന്റെമേൽ സ്വീകരിക്കുകയും പീഡാനുഭവ ത്തിന്റെ പാനപാത്രം കുടിക്കാൻ തയ്യാറാവുകയും ചെയ്ത യേശുവുമായി താദാത്മ്യപ്പെടുകവഴിയായി, ത്രേസ്യാ നാസ്തികത്വത്തിന്റെ പിന്നിൽ കിടന്നിരുന്ന നിരാശതാ ബോധത്തെയും കേവല ശൂന്യതയെയും തന്നിലേക്കു സ്വീകരിക്കുകയായിരുന്നു [39].

26. എന്നാൽ ഇരുളിനു പ്രകാശത്തെ കീഴടക്കാൻ കഴിയുക യില്ല. ലോകത്തിലേക്ക് പ്രകാശമായി വന്നവനാൽ (യോഹ 12:46 കാണുക), ത്രേസ്യാ കീഴടക്കപ്പെട്ടുകഴിഞ്ഞി രുന്നു[40]. തന്റെ വിശ്വാസത്തിന്റെ സാഹസികഭാവം വെളി പ്പെടുത്തുന്നതാണ് അവളുടെ വിവരണം; അതായത്, അതിശക്തമായ പ്രലോഭനങ്ങളുടെ മുമ്പിൽ അവൾ നടത്തിയ ആധ്യാത്മിക പോരാട്ടത്തിന്റെ വിജയകഥ. പാപികളോടൊപ്പം ഇരുന്ന യേശുവിനെപ്പോലെ (മത്താ 9:10-13 കാണുക) നാസ്തികരോടൊപ്പം അവരുടെ മേശയ്ക്കരികിൽ ഇരിക്കുന്ന ഒരു സഹോദരിയെപ്പോലെ ത്രേസ്യായ്ക്കു സ്വയം തോന്നി. അവൾ അവർക്കുവേണ്ടി മാധ്യസ്ഥ്യം പറത്തു; അതേസമയം, നിരന്തരം തന്റെ നാഥനുമായുള്ള സ്നേഹഐക്യംവഴി തന്റെതന്നെ

വിശ്വാസം ഉറപ്പിക്കാനും അവൾ ശ്രമിച്ചു: 'ഞാനെന്റെ യേശുവിന്റെ പക്കലേക്ക് ഓടുന്നു. സ്വർഗം ഉണ്ടെന്ന വിശ്വാസം ഏറ്റുപറയാനായി എന്റെ അവസാനത്തുള്ളി രക്തംവരെ ചിന്താൻ ഞാൻ തയ്യാറാണ് എന്ന് ഞാൻ അവനോടു പറയുന്നു. ഈ ഭൂമിയിലെ ഈ സുന്ദരമായ സ്വർഗം ആസ്വദിക്കാതിരിക്കുന്നതിലും ഞാൻ സന്തുഷ്ട വതിയാണ് എന്നും ഞാൻ അവനോടു പറയും; അങ്ങനെ അവൻ പാവപ്പെട്ട അവിശ്വാസികൾക്ക് സ്വർഗം ശാശ്വത മായി തുറന്നുകൊടുക്കാൻ ഇടയാകട്ടെ' [41].

27. വിശ്വാസത്തോടൊപ്പം, ത്രേസ്യായ്ക്ക് ദൈവത്തിന്റെ അനന്തമായ കരുണയിലുള്ള ആഴമാർന്നതും അതിരുകളി ല്ലാത്തതുമായ പ്രത്യാശയും ഉണ്ടായിരുന്നു: 'നമ്മെ സ്നേ ഹത്തിലേക്ക് നയിക്കേണ്ട ദൈവാശ്രയബോധം'[42]. തന്റെ ഇരുളിന് ഇടയിലും, പിതാവിന്റെയും മാതാവിന്റെയും കരവലയങ്ങളിൽ ഭയം കൂടാതെ അഭയം തേടുന്ന ഒരു കുഞ്ഞിന്റെ തികഞ്ഞ പ്രത്യാശ അവൾ അനുഭവിച്ചു. ത്രേസ്യായെ സംബന്ധിച്ചിടത്തോളം, ഏകദൈവം വെളി പ്പെടുത്തപ്പെടുന്നത് മറ്റെന്തിനും ഉപരിയായി അവിടത്തെ കരുണയിലാണ്; ദൈവത്തെക്കുറിച്ചു പറയാവുന്ന എല്ലാ കാര്യങ്ങളുടെയും താക്കോൽ ഇതിലാണ് അടങ്ങിയിരി ക്കുന്നത്: 'എനിക്ക് അവിടന്ന് തന്റെ അനന്തകരുണ ലഭ്യ മാക്കിയിരിക്കുന്നു; അതിലൂടെ ഞാൻ മറ്റെല്ലാ ദൈവിക പൂർണതകളെയും ധ്യാനിക്കുകയും ആരാധിക്കുകയും ചെയ്യുന്നു! ഈ പൂർണതകളെല്ലാം സ്നേഹത്താൽ പ്രതി ഫലിപ്പിക്കപ്പെടുന്നു; അവിടത്തെ നീതിപോലും (ഒരു പക്ഷേ, ഇത് മറ്റേതിനും ഉപരിയായി) സ്നേഹത്താൽ ആവരണം ചെയ്യപ്പെടുന്നു' [43]. ത്രേസ്യായുടെ ഏറ്റവും ഉയർന്ന ഉൾക്കാഴ്ചകളിൽ ഒന്നാണിത്; ദൈവജനത്തിനു മുഴുവനുമായുള്ള അവളുടെ പ്രധാനപ്പെട്ട സംഭാവനകളിൽ

ഒന്നാണിത്. അനിതരസാധാരണമാംവിധം അവൾ ദൈവിക കരുണയുടെ ആഴങ്ങൾ അളന്നു; അങ്ങനെ അവയിൽ നിന്ന് അതിരുകളില്ലാത്ത പ്രത്യാശയുടെ പ്രകാശം സ്വീകരിക്കുകയും ചെയ്തു.

## വളരെ ഉറച്ച പ്രത്യാശ

28. കർമലമഠത്തിൽ പ്രവേശിക്കുന്നതിനുമുമ്പ് ഹതഭാഗ്യനായ ഒരു മനുഷ്യനോട് സവിശേഷമായ ഒരു ആധ്യാത്മിക അടുപ്പം ത്രേസ്യാക്ക് ഉണ്ടായിരുന്നു; അതായത്, ഹെന്റി പ്രാൻസീനി എന്ന കൊടുംകുറ്റവാളിയോട്; മൂന്നുപേരെ കൊന്ന അയാൾ വധശിക്ഷയ്ക്കു വിധിക്കപ്പെട്ടിരുന്നു. എന്നാൽ, അയാൾ അതിനെക്കുറിച്ച് ഒട്ടും പശ്ചാത്തപിച്ചിരുന്നില്ല[44]. ത്രേസ്യാ അയാൾക്കുവേണ്ടി ദിവപൂജകൾ സമർപ്പിക്കുകയും അയാളുടെ രക്ഷയ്ക്കായി തികഞ്ഞ പ്രത്യാശയോടെ പ്രാർഥിക്കുകയും ചെയ്തുവന്നു; യേശുവിന്റെ രക്തത്തിലേക്ക് അയാളെ താൻ അടുപ്പിച്ചുകൊണ്ടി രിക്കുകയാണെന്ന ബോധ്യം അവൾക്കുണ്ടായിരുന്നു. 'അയാൾ പശ്ചാത്താപത്തിന്റെ ഒരു സൂചനപോലുമില്ലാതെ കൊലമരത്തിലേക്ക് പോയിരുന്നെങ്കിൽപ്പോലും' അയാൾക്ക് അവസാന നിമിഷം ദൈവത്തിൽനിന്നു ക്ഷമ ലഭിക്കുമെന്ന് അവൾ ദൈവത്തോട് പറഞ്ഞിരുന്നു. അപ്രകാരമുള്ള തന്റെ ഉറപ്പിന്റെ ഭാഗമായി അവൾ പറഞ്ഞു: 'എനിക്ക് നിശ്ചയമായും യേശുവിന്റെ കരുണയിൽ പ്രത്യാശ ഉണ്ടായിരുന്നു' [45]. പ്രാൻസീനിയുടെ ഏറ്റവും ഒടുവിലത്തെ പ്രവൃത്തിയെക്കുറിച്ചു കേട്ടപ്പോൾ ത്രേസ്യാ എത്രമാത്രം വികാരഭരിതയായിരുന്നു: തൂക്കുമരത്തട്ടിലേക്കു പ്രവേശിച്ച അയാൾ, 'ഒരു നിമിഷത്തിന്റെ പ്രചോദനം എന്നവിധം പെട്ടെന്ന് തിരിഞ്ഞ് തന്റെ മുൻപിലേക്ക് വൈദികൻ നീട്ടിപ്പിടിച്ച ക്രൂശിതരൂപത്തെ ആശ്ലേഷിച്ചു കൊണ്ട് മൂന്നു

പ്രാവശ്യം തിരുമുറിവുകളിൽ മുത്തി'[46]. എല്ലാ പ്രത്യാശയും നഷ്ടപ്പെട്ടിട്ടും വീണ്ടും പ്രത്യാശിക്കുന്ന തീവ്രമായ അനുഭവം അവളെ സംബന്ധിച്ചിടത്തോളം അടിസ്ഥാന പരമായിരുന്നു: 'ഈ അനുപമമായ കൃപാനുഭവത്തിനു ശേഷം ആത്മാക്കളെ രക്ഷിക്കാനുള്ള എന്റെ തൃഷ്ണ ഓരോ ദിവസവും വർധിച്ചുവന്നു' [47].

29. ത്രേസ്യായ്ക്ക് പാപം എന്ന ദുരവസ്ഥയെക്കുറിച്ച് ശരിയായ ബോധ്യമുണ്ടായിരുന്നു; എന്നാലും അവൾ നിരന്തരം ക്രിസ്തുരഹസ്യത്തിൽ നിശ്ചയമായും നിമഗ്നയായിരുന്നു; എന്തെന്നാൽ, 'പാപം വർധിച്ചിടത്ത് കൃപ അതിലേറെ വർധിച്ചു' (റോമാ 5:20). ലോകത്തിന്റെ പാപം അതിഭയാനകമാണ്; എന്നാൽ, അത് അനന്തമല്ല; അതേസമയം, രക്ഷകന്റെ കരുണാർദ്രസ്നേഹം നിശ്ചയമായും അനന്തമാണ്. തന്റെ പീഡാനുഭവവും മരണവും ഉയിർപ്പും വഴി തിന്മയുടെ എല്ലാ ശക്തികളുടെയുംമേൽ ക്രിസ്തു കൈവരിച്ച വിജയത്തിന്റെ സുനിശ്ചിതത്വത്തിന് ത്രേസ്യാ സാക്ഷ്യംവഹിക്കുന്നു. പ്രത്യാശയാൽ നിറഞ്ഞ അവൾ ഇപ്രകാരം പറയാൻ ധൈര്യപ്പെട്ടു: 'ഒരുപാട് ആത്മാക്കളെ രക്ഷിക്കാൻ, യേശുവേ, എന്നെ അനുവദിക്കണമേ; ഒരാത്മാവും ഇന്ന് നഷ്ടപ്പെടാൻ ഇടവരുത്തരുതേ... ഞാൻ പറയാൻ പാടില്ലാത്തത് എന്തെങ്കിലും പറയുന്നെങ്കിൽ, യേശുവേ, എന്നോട് ക്ഷമിക്കണമേ. നിനക്ക് സന്തോഷം തരാനും നിന്നെ ആശ്വസിപ്പിക്കാനും മാത്രമേ ഞാൻ താത്പര്യപ്പെടുന്നുള്ളൂ' [48]. ഇക്കാര്യം ഉണ്ണിയേശുവിന്റെയും തിരുമുഖത്തിന്റെയും ത്രേസ്യാ കൊണ്ടുവന്ന സന്ദേശത്തിന്റെ ശുദ്ധവായുവിന്റെ മറ്റൊരു വശം പരിഗണിക്കാൻ നമ്മെ പ്രേരിപ്പിക്കുന്നു.

## 3. ഞാൻ സ്നേഹമായിരിക്കും

30. 'വിശ്വാസത്തിനും പ്രത്യാശയ്ക്കും ഉപരി നില്ക്കുന്നു' എന്ന കാരണത്താൽ ഉപവി ഒരിക്കലും ഇല്ലാതാവുകയില്ല (1 കോറി 13:8–13 കാണുക). പരിശുദ്ധാത്മാവിന്റെ പരമോന്നതദാനമാണത്; 'എല്ലാ പുണ്യങ്ങളുടെയും മാതാവും അടിവേരും ആണത്' [49].

### ഉപവി, സ്നേഹത്തിന്റെ ഒരു വൈയക്തിക ഭാവം

31. 'ഒരാത്മാവിന്റെ കഥ' ഉപവിയുടെ ഒരു സാക്ഷ്യമാണ്. ഞാൻ നിങ്ങളെ സ്നേഹിച്ചതുപോലെ നിങ്ങളും പരസ്പരം സ്നേഹിക്കുവിൻ' (യോഹ 15:12) എന്ന യേശുവിന്റെ പുതിയ കല്പനയുടെ ഒരു വ്യാഖ്യാനം ഇതിൽ ത്രേസ്യാ നല്കുന്നു [50]. തന്റെ സ്നേഹത്തിന് പ്രത്യുത്തരം ലഭിക്കാനായി യേശു ദാഹിക്കുന്നു. 'ആ സമരിയാക്കാരിയുടെ പക്കൽനിന്ന് അല്പം ജലം യാചിക്കാൻ യേശു ഭയപ്പെട്ടില്ല. അവനു ദാഹിക്കുന്നുണ്ടായിരുന്നു. എന്നാൽ "എനിക്ക് കുടിക്കാൻ തരൂ" എന്നവൻ പറഞ്ഞപ്പോൾ, പ്രപഞ്ച സ്രഷ്ടാവ് തന്റെ പാവപ്പെട്ട സൃഷ്ടിയിൽനിന്ന് സ്നേഹത്തിനായി യാചിക്കുകയായിരുന്നു. അവൻ സ്നേഹത്തിനായാണ് ദാഹിച്ചത്' [51]. ത്രേസ്യാ യേശുവിന്റെ സ്നേഹത്തിനു പ്രത്യുത്തരം നല്കാൻ ആഗ്രഹിച്ചു; അവന്റെ സ്നേഹത്തിനു സ്നേഹം തിരിയെ നല്കാൻ [52].

32. വൈവാഹിക സ്നേഹത്തിന്റെ പ്രതീകം വധൂവരന്മാരുടെ സ്വയംദാനത്തിന് ഊന്നൽ നല്കുന്നു. ആകയാൽ,

ഉത്തമഗീതത്താൽ പ്രചോദിതയായി (2:16) ത്രേസ്യാ എഴുതുന്നു: 'എന്റെ മണവാളന്റെ ഹൃദയം എന്റേതുമാത്രമാണെന്ന് ഞാൻ കരുതുന്നു; എന്റേത് അവന്റേത് ആയിരിക്കുന്നതുപോലെ. അതിനാൽ, സന്തോഷത്തിമിർപ്പിൽ ഹൃദയം ഹൃദയത്തോട് എന്നപോലെ അതിന്റെ ഏകാന്തഭാവത്തിൽ ഞാൻ അവനോട് സംസാരിക്കുന്നു; അവനെ ഒരു നാൾ മുഖാഭിമുഖം ദർശിക്കാം എന്ന പ്രത്യാശയോടെ' [53]. കർത്താവ് നമ്മെ ഒരു ജനം എന്ന രീതിയിൽ ഒരുമിച്ചു സ്നേഹിക്കുമ്പോഴും ഉപവി വളരെയധികം വൈയക്തികമായ രീതിയിൽ 'ഹൃദയം ഹൃദയത്തോട്' എന്നവിധം പ്രവർത്തിക്കുന്നു.

33. യേശു അവളെ സ്നേഹിച്ചിരുന്നെന്ന് ത്രേസ്യാ നിശ്ചയമായും വിശ്വസിച്ചിരുന്നു; എന്നുമാത്രമല്ല, തന്റെ പീഡാനുഭവത്തിന്റെ സമയത്ത് യേശു അവളെ വ്യക്തിപരമായി അറിഞ്ഞിരുന്നുവെന്നും അവൾക്ക് തീർച്ച ഉണ്ടായിരുന്നു: 'അവൻ എന്നെ സ്നേഹിക്കുകയും എനിക്കുവേണ്ടി തന്നത്തന്നെ നല്കുകയും ചെയ്തു' (ഗലാ 2:20). യേശുവിന്റെ പീഡയെക്കുറിച്ചു ധ്യാനിച്ചപ്പോൾ അവൾ അവനോടു പറഞ്ഞു: 'നീയെന്നെ കണ്ടു' [54]. അതുപോലെതന്നെ, തന്റെ മാതാവിന്റെ കരങ്ങളിൽ ഇരുന്ന ഉണ്ണിയേശുവിനോട് അവൾ പറഞ്ഞു: 'മറിയത്തെ നീ തഴുകിയ നിന്റെ ആ ഇളംകരങ്ങൾകൊണ്ട് നീ ലോകത്തെ താങ്ങിനിർത്തുകയും അതിന് ജീവൻ നല്കുകയും ചെയ്തു; എന്നല്ല, നീ എന്നെയും ഓർത്തു' [55]. അപ്രകാരംതന്നെ 'ഒരാത്മാവിന്റെ കഥ'യുടെ ആരംഭത്തിൽ മനുഷ്യരാശി മുഴുവനോടും ഓരോ വ്യക്തിയോടുമുള്ള യേശുവിന്റെ സ്നേഹത്തെക്കുറിച്ച് അവൾ ധ്യാനിച്ചു; വ്യക്തികൾ എന്നു പറയുമ്പോൾ അവനും അവളും മാത്രം ഈ ലോകത്ത് ഉണ്ടാ

യിരുന്നു എന്നവിധം അവൻ അത്രമാത്രം വ്യക്തിപരമായി ഓരോ ആളിനെയും സ്നേഹിച്ചു എന്നർഥം[56].

34. അവൾക്ക് ശ്വാസോച്ഛ്വാസംപോലെ സാധാരണമായി മാറിയിരുന്നു, 'യേശുവേ, ഞാൻ നിന്നെ സ്നേഹിക്കുന്നു' എന്ന സ്നേഹപ്രകരണം. ആ സ്നേഹത്തിന്റെ പ്രവൃത്തി യാണ് സുവിശേഷത്തെ മനസ്സിലാക്കാനുള്ള അവളുടെ താക്കോൽ. ആ സ്നേഹംകൊണ്ട്, ക്രിസ്തുവിന്റെ ജീവിത ത്തിലെ എല്ലാ രഹസ്യങ്ങളിലും അവൾ നിമഗ്നയായി; അങ്ങനെ അവൾ അവന്റെ സമകാലികയാകുകയും സുവി ശേഷത്തിലെ ഇതര കഥാപാത്രങ്ങളായ മറിയത്തോടും യൗസേപ്പിനോടും മറിയം മഗ്ദലനയോടും അപ്പോസ്തല ന്മാരോടുംകൂടെ തന്നത്തന്നെ നിർത്തുകയും ചെയ്തു. അവരോടൊപ്പം അവൾ യേശുവിന്റെ സ്നേഹത്തിന്റെ ഉള്ളറകളിലേക്ക് ആഴ്ന്നിറങ്ങി. ഒരുദാഹരണം മാത്രം നമുക്കു കാണാം: 'മഗ്ദലന നിരവധി അതിഥികളുടെ മുമ്പി ലൂടെ കടന്നുചെന്ന് ആരാധ്യനായ ഗുരുവിന്റെ പാദങ്ങൾ തന്റെ കണ്ണീരുകൊണ്ടു നനയ്ക്കുകയും അവൾ ആദ്യമായി അവനെ സ്പർശിക്കുകയും ചെയ്തപ്പോൾ, എനിക്കു തോന്നുന്നത് അവളുടെ ഹൃദയം യേശുവിന്റെ ഹൃദയത്തിന്റെ സ്നേഹത്തിന്റെയും കരുണയുടെയും അഗാധതലങ്ങൾ മനസ്സിലാക്കി എന്നാണ്. അവൾ പാപിനി ആയിരുന്നിട്ടും ആ സ്നേഹത്തിന്റെ ഹൃദയം അവൾക്ക് മാപ്പ് നല്കുക മാത്രമല്ല അവളുടെമേൽ ദൈവിക ഐക്യത്തിന്റെ അനു ഗ്രഹങ്ങൾ ചൊരിയുകയും ധ്യാനാത്മകതയുടെ ഗിരിശൃംഗ ത്തിലേക്ക് അവളെ ഉയർത്തുകയും ചെയ്യാൻ തയ്യാറായി' [57].

## പരമോന്നതലാളിത്യത്തിലെ ഉത്തമസ്നേഹം

35. 'ഒരാത്മാവിന്റെ കഥ'യുടെ അവസാനം, ത്രേസ്യാ തന്റെ 'കരുണാർദ്രസ്നേഹത്തോടുള്ള സമർപ്പണപ്രാർഥന' (Act

of Oblation to Merciful Love) അവതരിപ്പിക്കുന്നു [58]. അവൾ തന്നത്തന്നെ പൂർണമായി ആത്മാവിന്റെ പ്രവർത്തനത്തിനായി വിട്ടുകൊടുത്തപ്പോൾ, ശാന്തമായും തടസ്സമില്ലാതെയും ജീവജലത്തിന്റെ സമൃദ്ധമായ പ്രവാഹം അവൾക്കു ലഭ്യമായി: 'കൃപയുടെ നദികൾ, എന്നല്ല, സമുദ്രങ്ങൾ തന്നെ എന്റെ ആത്മാവിനെ മുക്കിക്കളഞ്ഞു' [59]. ഇതാണ് മൗതിക ജീവിതം (mystical life); ഇത് അനിതരസാധാരണമായ പ്രതിഭാസങ്ങൾ ഇല്ലാതെതന്നെ ദൈനംദിനമുള്ള സ്നേഹാനുഭവമായി വിശ്വാസികൾക്ക് അനുഭവപ്പെടുന്ന ഒന്നാണ്.

36. ത്രേസ്യാ നിസ്സാരതയിൽ, തന്റെ ദൈനംദിനജീവിതത്തിലെ ഏറ്റവും എളിയ കാര്യങ്ങൾ, ഉപവിപ്രവർത്തനനിരതമാക്കി; പരിശുദ്ധ കന്യകമറിയത്തോടു ചേർന്നാണ് അവൾ ഇതു ചെയ്തത്. 'സ്നേഹിക്കുക എന്നാൽ സർവതും കൊടുക്കുക' എന്നതാണെന്ന് പരിശുദ്ധ മറിയത്തിൽ നിന്ന് അവൾ പഠിച്ചു. 'സ്നേഹം സ്വയംദാനത്തിലാണ്' [60]. അക്കാലത്തെ വചനപ്രഘോഷകർ പലപ്പോഴും മറിയത്തിന്റെ അപദാനങ്ങൾ മഹിമയാർന്ന വാക്കുകളിൽ വാഴ്ത്തിപ്പാടിയപ്പോൾ, അവൾ നമ്മിൽനിന്നു വളരെ വിദൂരത്താണെന്ന് തോന്നുമായിരുന്നു. എന്നാൽ, സുവിശേഷങ്ങൾ ആസ്പദമാക്കി ത്രേസ്യാ മറിയത്തെ സ്വർഗരാജ്യത്തിലെ ഏറ്റവും വലിയവളായി ചിത്രീകരിച്ചു, എന്തെന്നാൽ അവൾ ഏറ്റവും ചെറിയവളായിരുന്നു (മത്താ 18:4). യേശു വിനയാന്വിതനാക്കപ്പെട്ടപ്പോൾ അവനോട് ഏറ്റവും അടുത്തു നിന്നത് മറിയമായിരുന്നു. അപ്രാമാണികസുവിശേഷങ്ങൾ കൗതുകകരവും വിസ്മയനീയവുമായ കാര്യങ്ങൾ വിവരിക്കുമ്പോൾ, സുവിശേഷങ്ങൾ മറിയത്തെ സാധാരണ വിശ്വാസം ജീവിച്ച വിനീതയും സാധുവുമായ ഒരു സ്ത്രീയായി ചിത്രീകരിച്ചിരിക്കുന്നതായി ത്രേസ്യാ

കണ്ടു. എളിമയാർന്ന വിശ്വാസത്തോടെ തന്നെ അന്വേഷിക്കുന്ന ഒരാത്മാവിന്റെ ഉദാഹരണമാക്കി മറിയത്തെ മാറ്റാൻ യേശുതന്നെയും ആഗ്രഹിച്ചു [61]. ശുദ്ധവും വിനീതവുമായ ഒരു വിശ്വാസംവഴി മറിയമായിരുന്നു ആ 'കുറുക്കുവഴിയുടെ' ആദ്യ അനുഭവം നേടിയവൾ. അതിനാൽ അവളെക്കുറിച്ച് ഇപ്രകാരം എഴുതാൻ ത്രേസ്യാ മടിച്ചില്ല:

'കൃപ നിറഞ്ഞ അമ്മേ, നസ്രത്തിൽ നീ, ദാരിദ്ര്യത്തിൽ
ജീവിക്കുന്നു എന്നെനിക്കറിയാം,
ഇനി ഒന്നും ആവശ്യപ്പെടാതെ.
ഹർഷോന്മാദമോ അദ്ഭുതമോ നിർവൃതിയോ ഇല്ല.
ഓ, തിരഞ്ഞെടുക്കപ്പെട്ടവന്റെ രാജ്ഞീ, നിന്റെ ജീവിതം
മോടിപിടിപ്പിക്കുക.
ഭൂമിയിലെ വിനീതരുടെ സംഖ്യ യഥാർഥത്തിൽ
വലുതാണ്.
അവർക്ക് തങ്ങളുടെ നയനങ്ങൾ നിന്റെ പക്കലേക്ക്
ഭയം കൂടാതെ ഉയർത്താനാകും.
അതുല്യയായ അമ്മേ,
തികച്ചും സാധാരണമായ വഴിയിലൂടെയാണ്
നീ അവരെ സ്വർഗത്തിലേക്ക് ആനയിക്കാൻ
ഇഷ്ടപ്പെടുന്നത്' [62].

37. അനുദിന ജീവിതത്തിന്റെ സാധാരണത്വത്തിനിടയിൽ ത്രേസ്യായ്ക്കു അനുഭവപ്പെട്ട സവിശേഷകൃപയുടെ നിമിഷങ്ങളെക്കുറിച്ച് അവൾ നമ്മോടു പറയുന്നുണ്ട്; അതായത്, രോഗിയും അല്പം മുൻകോപിയുമായ ഒരു സിസ്റ്ററിനെ സഹായിച്ച വേളയിൽ അവൾക്ക് പെട്ടെന്നുണ്ടായ ഒരു ഉൾവെളിച്ചം. ആകയാൽ, ഉപവിയുടെ ശക്തമായ അനുഭവങ്ങൾ അവൾക്കുണ്ടായത് വളരെ സാധാരണമായ വഴികളിലൂടെയാണ്. 'ഒരു ശീതകാലരാത്രി ഞാനെന്റെ സാധാരണയുള്ള ചെറിയ ജോലി നിർവഹിക്കുകയായിരുന്നു;

അത് രാത്രിയായിരുന്നു. അപ്പോൾ ഞാൻ വളരെ വിദൂരത്തു നിന്ന് ഒരു സംഗീതോപകരണത്തിന്റെ വശ്യസുന്ദരമായ ശുദ്ധശബ്ദം കേട്ടു തുടങ്ങി. വളരെ നന്നായി പ്രകാശിതമായിരുന്ന ഒരു സ്വീകരണമുറി കാണുന്നതായി എനിക്കു തോന്നി; അത് അതീവ പ്രഭാപൂരിതമാംവിധം മോടിപിടിപ്പിച്ചതായിരുന്നു; അതിമേനോഹരമായ വസ്ത്രങ്ങൾ ധരിച്ച യുവതികൾ അവിടെ നർമസല്ലാപത്തിൽ ഏർപ്പെട്ടിരുന്നു; അവർ പരസ്പരം എല്ലാത്തരം അഭിനന്ദനങ്ങളും അർപ്പിക്കുകയും ലോകത്തിന്റേതായ പ്രശംസകൾ നടത്തുകയും ചെയ്യുകയായിരുന്നു. എന്നാൽ, പെട്ടെന്ന് എന്റെ ദൃഷ്ടി ഞാൻ ശുശ്രൂഷിച്ചിരുന്ന പാവം രോഗിണിയുടെ മേൽ പതിച്ചു. ആ ശ്രുതിമധുരമായ സംഗീതത്തിനുപകരം ഞാൻ കേട്ടത്, അവളുടെ ഇടവിട്ടുള്ള പിറുപിറുക്കലുകളാണ്; ആ മുറിയിലെ ആകർഷകമായ തൊങ്ങലുകൾക്കു പകരം, മഠത്തിന്റെ പരുപരുത്ത കല്ലുകൾ കൊണ്ടുള്ള ഭിത്തികളാണ് ഞാൻ കണ്ടത്; മങ്ങിയ വെളിച്ചത്തിൽ അവ ഏറെ വ്യക്തമായിരുന്നില്ല. എന്റെ ആത്മാവിൽ എന്താണ് സംഭവിച്ചതെന്ന് എനിക്കു വ്യക്തമായി പറയാൻ ആവില്ല; സത്യത്തിന്റെ കിരണങ്ങളാൽ കർത്താവ് അതിനെ പ്രകാശിപ്പിച്ചു എന്നെ നിക്കറിയാം; അത് ഭൗമികആഘോഷങ്ങളുടെ ഇരുണ്ട ശോഭയെ അതിലംഘിക്കുന്ന ഒന്നായിരുന്നു; യഥാർഥത്തിൽ എന്റെതന്നെ സന്തോഷത്തെ എനിക്ക് വിശ്വസിക്കാനായില്ല. സത്യത്തിൽ, ആയിരം വർഷത്തെ ഭൗമികആഘോഷങ്ങൾ ആസ്വദിക്കാനായി എന്റെ ആ പത്ത് മിനിറ്റ് നേരത്തെ ഉപവിയുടേതായ ആ എളിയ ശുശ്രൂഷ ഞാൻ ഉപേക്ഷിക്കുമായിരുന്നില്ല' [63].

## സഭയുടെ ഹൃദയത്തിൽ

38. ആവിലായിലെ വിശുദ്ധ അമ്മ ത്രേസ്യായിൽനിന്ന് സഭയോടുള്ള വലിയ സ്നേഹം പാരമ്പര്യമായി കൊച്ചു

ത്രേസ്യായ്ക്കു ലഭിച്ചു; മാത്രമല്ല, അതിന്റെ ആഴങ്ങളിലേക്കു പ്രവേശിക്കാൻ അവൾക്ക് സാധിക്കുകയും ചെയ്തു. 'സഭയുടെ ഹൃദയം' എന്ന അവളുടെ പ്രയോഗത്തിൽ നാം ഇത് ദർശിക്കുന്നു. തന്റെ സന്ന്യാസവ്രതവാഗ്ദാനത്തിന്റെ ആറാം വാർഷികത്തിൽ, അതായത് 1896 സെപ്റ്റംബർ എട്ടാം തീയതി, അവൾ എഴുതിയ യേശുവിനോടുള്ള ദീർഘമായ പ്രാർഥനയിൽ ഇത് വ്യക്തമാണ് [64]. താൻ വളരെ ശക്തമായ ഒരാഗ്രഹത്താൽ പ്രേരിതയാണെന്ന്, അതായത്, അതിൽത്തന്നെ ആർക്കും നിറവേറ്റാൻ സാധിക്കാത്തവിധത്തിലുള്ള ഒരു വിളി, സുവിശേഷത്തോടുള്ള അദമ്യമായ താൽപര്യം, അവളിൽ കുടികൊള്ളുന്നതായി അവൾ കർത്താവിനോടു പറഞ്ഞു. ആകയാൽ, അവൾക്ക് സഭയിൽ എവിടെയാണ് 'സ്ഥാനം' എന്ന് അന്വേഷിക്കുന്നതിന്റെ ഭാഗമായി, വിശുദ്ധ പൗലോസ് കോറിന്തോസുകാർക്ക് എഴുതിയ ഒന്നാം ലേഖനത്തിന്റെ 12-ഉം 13-ഉം അധ്യായങ്ങളിലേക്ക് അവൾ തിരിഞ്ഞു.

39. അവിടെ 12-ാം അധ്യായത്തിൽ അപ്പോസ്തലൻ ശരീരത്തിന്റെ രൂപകം അവതരിപ്പിച്ചുകൊണ്ട് സഭയെയും അതിന്റെ അംഗങ്ങളെയും ചിത്രീകരിക്കുന്നു. ഹയരാർക്കിക്കലായി ക്രമവൽകരിക്കപ്പെട്ട നാനാവിധ ദാനങ്ങളുള്ള ഒരു ശരീരമായി സഭയെ അദ്ദേഹം കാണുന്നു. എന്നാൽ ത്രേസ്യായെ സംബന്ധിച്ചിടത്തോളം ആ വിവരണം മതിയാകുമായിരുന്നില്ല. അവൾ തന്റെ അന്വേഷണം തുടർന്നു; അങ്ങനെ അവൾ 13-ാം അധ്യായത്തിലെ 'ഉപവി സംബന്ധിച്ച ഭാവഗീതം' വായിക്കുകയുണ്ടായി. അവിടെ അവൾ തന്റെ ചോദ്യത്തിന്റെ അതിവിശിഷ്ടമായ ഉത്തരം കണ്ടെത്തി; അങ്ങനെ അവൾ ഏറെ സ്മരണാർഹമായ ഒരു പേജ് രചിക്കുകയുണ്ടായി: 'വിശുദ്ധ പൗലോസ് വിവരിക്കുന്ന സഭയുടെ മൗതിക ശരീരത്തിലെ അംഗങ്ങളുടെ ഇടയിൽ

ഒരിടത്തും എനിക്ക് എന്നത്തന്നെ കണ്ടെത്താനായില്ല, അഥവാ അവരിലെല്ലാംതന്നെ എന്നെ കാണാൻ ഞാൻ ആഗ്രഹിച്ചു. എന്റെ *ദൈവവിളിയുടെ* താക്കോലായി അവിടെ *ഉപവിയെ* ഞാൻ കണ്ടെത്തി. ഒരു കാര്യം ഞാൻ മനസ്സിലാക്കി; അതായത്, വ്യത്യസ്ത അംഗങ്ങളാൽ സഭ രൂപപ്പെട്ടിരിക്കുന്നെങ്കിൽ, അത്യന്താപേക്ഷിതവും അതീവ ഔന്നത്യം നിറഞ്ഞതുമായ ഒന്ന് അതിൽ ഇല്ലാതിരിക്കാൻ പാടില്ല എന്ന്; അതായത്, *സഭയ്ക്ക് ഒരു ഹൃദയം ഉണ്ടെന്നും ആ ഹൃദയം സ്നേഹത്താൽ ജ്വലിച്ചുകൊണ്ടിരിക്കുന്നു* എന്നും ഞാൻ മനസ്സിലാക്കി. *സഭാംഗങ്ങളെ പ്രവർത്തനനിരതരാക്കുന്നത് സ്നേഹം മാത്രമാണെന്ന് ഞാൻ ഗ്രഹിച്ചു. സ്നേഹം* തിരോധാനം ചെയ്യുകയാണെങ്കിൽ പിന്നെ അപ്പോസ്തലന്മാർ സുവിശേഷം പ്രസംഗിക്കുകയില്ല; രക്തസാക്ഷികൾ തങ്ങളുടെ രക്തം ചിന്തുകയുമില്ല. *എല്ലാ ദൈവവിളികളിലും സ്നേഹമാണു നിറിഞ്ഞിരിക്കുന്നതെന്ന് ഞാൻ മനസ്സിലാക്കി; എല്ലാംതന്നെയും സ്നേഹമാണ്; അത് എല്ലാ സമയങ്ങളെയും സ്ഥലങ്ങളെയും ആശ്ലേഷിക്കുന്നു... ഒറ്റവാക്കിൽ, അത് ശാശ്വതമാണ്*. അപ്പോൾ എന്റെ ഭ്രാന്തമായ സന്തോഷത്തിന്റെ ആധിക്യത്തിൽ ഞാൻ വിളിച്ചുപറഞ്ഞു: ഓ യേശുവേ, എന്റെ സ്നേഹമേ ... *എന്റെ വിളി* എന്താണെന്ന് ഞാൻ കണ്ടെത്തിയിരിക്കുന്നു; *എന്റെ വിളി* സ്നേഹമാണ്. അതേ, സഭയിൽ എന്റെ സ്ഥാനം ഞാൻ കണ്ടുപിടിച്ചിരിക്കുന്നു. എന്റെ ദൈവമേ, നീയാണ് എനിക്ക് ഈ സ്ഥാനം നല്കിയത്: എന്റെ മാതാവായ സഭയുടെ ഹൃദയത്തിൽ ഞാൻ *സ്നേഹമായിരിക്കും*. അങ്ങനെ ഞാൻ എല്ലാമായിത്തീരും; അപ്രകാരം എന്റെ സ്വപ്നവും സാക്ഷാത്കരിക്കപ്പെടും' [65].

40: കേവലം ജയഘോഷമുയർത്തിപ്പിടിക്കുന്ന ഒരു സഭയുടെ ഹൃദയമായിരിക്കില്ല അത്, പ്രത്യുത സ്നേഹിക്കു

കയും വിനയാന്വിതമായിരിക്കുകയും കരുണാർദ്രമായിരിക്കുകയും ചെയ്യുന്ന സഭ. ത്രേസ്യാ ഒരിക്കലും മറ്റുള്ളവരുടെമേൽ തന്നെ ഉയർത്തി നിർത്തിയില്ല. അവൾ ദൈവപുത്രനോടൊപ്പംതന്നെ ഏറ്റവും താഴ്ന്ന സ്ഥലം സ്വീകരിക്കാൻ തയ്യാറായി. അവൻ നമുക്കുവേണ്ടി ദാസനായിത്തീരുകയും വിനീതനാകുകയും അനുസരണമുള്ളവൻ, കുരിശുമരണത്തോളം അനുസരണമുള്ളവൻ, ആകുകയും ചെയ്തു (ഫിലി 2:7–8 കാണുക).

41. സഭയുടെ ഹൃദയം കണ്ടെത്തി എന്നത് ഇന്ന് നമുക്ക് വലിയ വെളിച്ചത്തിന്റെ ഉറവിടമാണ്. സഭയെന്ന സ്ഥാപനത്തിന്റെ പരിമിതികളും ബലഹീനതകളുംമൂലം ഉണ്ടാകുന്ന നിഴലുകളും പാപങ്ങളും നിമിത്തം ഇടർച്ച ഉണ്ടാകുന്നതിൽനിന്ന് നാം സംരക്ഷിക്കപ്പെടുന്നതിന് ഇത് ഉപകരിക്കുന്നു. മാത്രമല്ല, 'സ്നേഹത്താൽ ജ്വലിക്കുന്ന ഹൃദയവുമായി' സഭയിലേക്കു പ്രവേശിക്കാൻ ഇത് നമ്മെ പ്രാപ്തരാക്കുന്നു. അപ്രകാരമുള്ള ഒരു ഹൃദയമാണല്ലോ പെന്തക്കോസ്തയിൽ പരിശുദ്ധാത്മാവിന്റെ ദാനംവഴിയായി ജ്വാലയായി കത്തിപ്പടർന്നത്. നമ്മുടെ ഓരോ ഉപവി പ്രവർത്തനത്തിലും അപ്രകാരമുള്ള ഒരു ഹൃദയത്തിന്റെ അഗ്നിയാണ് പുനർജ്വലിപ്പിക്കപ്പെടുന്നത്. 'ഞാൻ സ്നേഹമായിരിക്കും.' ഇതാണ് ത്രേസ്യായുടെ വിപ്ലവകരമായ തിരഞ്ഞെടുപ്പ്; അവളെ സംബന്ധിച്ച സമ്പൂർണസംഗ്രഹവും അവളുടെ ആഴമാർന്ന ആധ്യാത്മിക സ്വത്വവും.

## ഒരു പനിനീർപുഷ്പവർഷം

42. 'സ്വർഗത്തിൽ പോകണം' എന്ന് നൂറ്റാണ്ടുകളായി അസംഖ്യം വിശുദ്ധർ അതിതീക്ഷ്ണതയോടെ ആഗ്രഹിക്കുകയും അതിശക്തമായി പ്രഖ്യാപിക്കുകയും ചെയ്തതിനുശേഷവും ഏറെ സത്യസന്ധതയോടെ ത്രേസ്യായ്ക്കു

പറയാൻ സാധിക്കുമായിരുന്നു: 'ആ സമയത്ത് വളരെ വലുതും എല്ലാത്തരത്തിലുമുള്ള ആന്തരിക പരീക്ഷണ ങ്ങളാൽ ഞാൻ വലയുകയായിരുന്നു; എന്തിനേറെ പറയണം, സ്വർഗം യഥാർഥത്തിൽ ഉണ്ടോ എന്നുതന്നെ ഞാൻ എന്നോട് ചോദിക്കുകയായിരുന്നു'[66]. മറ്റൊരു സമ യത്ത് അവൾ പറഞ്ഞു: 'സ്വർഗത്തിന്റെ ആനന്ദത്തെയും ദൈവത്തെ സ്വന്തമാക്കുന്നതിനെയും ഓർത്ത് ഞാൻ പാടു മ്പോഴൊക്കെ, എനിക്കൊരു സന്തോഷവും അനുഭവപ്പെട്ടി രുന്നില്ല; കാരണം, ഞാൻ വിശ്വസിക്കാൻ ശ്രമിച്ചത് ഞാൻ പാടുകയായിരുന്നില്ലേ!'[67]. എന്താണു സംഭവിച്ചത്? ത്രേസ്യാ തന്റെതന്നെ വ്യക്തിപരമായ സന്തോഷത്തിന് ഊന്നൽ കൊടുക്കുന്നതിലുപരി, സഭയുടെ ഹൃദയത്തിലേക്ക് അഗ്നി നിറയ്ക്കാനുള്ള ദൈവത്തിന്റെ ആഹ്വാനം ശ്രദ്ധി ക്കുകയായിരുന്നു.

43. അവളിൽ സംഭവിച്ചുകൊണ്ടിരുന്ന ഈ രൂപാന്തരണം, തനിക്ക് സ്വർഗം ലഭിക്കണം എന്ന നിരന്തരമായ ആഗ്ര ഹത്തിന് ഉപരി എല്ലാവർക്കും നന്മ ഭവിക്കണം എന്ന ജ്വലിക്കുന്ന ആഗ്രഹമായി മാറി. അത് സ്വർഗത്തിൽ പ്പോലും യേശുവിനെ സ്നേഹിക്കുക, യേശു സ്നേഹിക്ക പ്പെടുക എന്ന ദൗത്യം തുടരുന്നതായിരിക്കും എന്ന് സ്വപ്നം കാണാൻപോലും അവളെ പ്രേരിപ്പിച്ചു. തന്റെ അവ സാനത്തെ ഒരു കത്തിൽ അവൾ ഇപ്രകാരം എഴുതി: 'സ്വർ ഗത്തിൽ നിഷ്ക്രിയ ആയിരിക്കാൻ ഞാൻ ആഗ്രഹിക്കു ന്നില്ല. സഭയ്ക്കുവേണ്ടിയും ആത്മാക്കൾക്കുവേണ്ടിയും ഇനിയും പ്രവർത്തിക്കാനാണ് ഞാൻ ആഗ്രഹിക്കുന്നത്' [68]. അവസാന ദിവസങ്ങളിൽ കൂടുതൽ വ്യക്തതയോടെ അവൾ പിന്നെയും പറഞ്ഞു: 'എന്റെ സ്വർഗം ലോകത്തിന്റെ അവസാനംവരെ ഭൂമിയിൽ ആയിരിക്കും ഞാൻ ചെലവഴി ക്കുന്നത്. അതേ, ഭൂമിക്കുവേണ്ടി സൽപ്രവൃത്തികൾ

ചെയ്തുകൊണ്ട് എന്റെ സ്വർഗത്തിലെ ദിനങ്ങൾ ഞാൻ ചെലവഴിക്കും'[69].

44. കർത്താവ് തനിക്കു നല്കിയ അസാധാരണമായ ദാനത്തിന് ത്രേസ്യാ സുനിശ്ചിതമാംവിധം പ്രത്യുത്തരിച്ച തിന്റെ പ്രതിഫലനമാണ് ആ വാക്കുകളിൽ നിറഞ്ഞു നിന്നിരുന്നത്; അതായത്, കർത്താവ് അവളുടെമേൽ ചൊരിഞ്ഞ അതിവിശിഷ്ടമായ പ്രകാശം. ഈ രീതിയിൽ അവൾ സുവിശേഷം സംബന്ധിച്ച അവളുടെ ആത്യന്തി കവും വ്യക്തിപരവുമായ സംഗ്രഹത്തിൽ എത്തിച്ചേർന്നു; അത് സമ്പൂർണമായ ആശ്രയബോധത്തിൽ ആരംഭിക്കു ന്നതും മറ്റുള്ളവർക്കുവേണ്ടി തന്നത്തന്നെ പൂർണമായി വിട്ടുകൊടുക്കുന്നതിൽ അവസാനിക്കുന്നതും ആയിരുന്നു. ആ വിട്ടുകൊടുക്കലിന്റെ അഥവാ പൂർണമായ സ്വയം നിഷേധിക്കലിന്റെ ഫലദായകത്വം സംബന്ധിച്ച് അവൾ ക്കൊട്ടും സംശയമില്ലായിരുന്നു: 'എന്റെ മരണത്തിനുശേഷം ഞാൻ ചെയ്യാൻ ഉദ്ദേശിക്കുന്ന നന്മയെക്കുറിച്ച് ഞാൻ ചിന്തിക്കുകയാണ്' [70]. 'ദൈവം അത് സാക്ഷാത്കരിക്കാൻ താല്പര്യപ്പെടുന്നില്ലെങ്കിൽ, എന്റെ മരണത്തിനുശേഷം ഞാൻ ഭൂമിയിൽ ചെയ്യാൻ ആഗ്രഹിക്കുന്ന നന്മകളെക്കുറി ച്ചുള്ള ചിന്ത അവിടന്ന് എന്നിൽ അങ്കുരുപ്പിക്കുമായിരു ന്നില്ല' [71]. 'അത് പനിനീർ പുഷ്പവർഷംപോലെ ആയി രിക്കും' [72].

45. അവൾ വൃത്തത്തിന്റെ പൂർണരൂപം സഞ്ചരിച്ചു കഴി ഞ്ഞിരുന്നു. 'ഇതാണ് ദൈവാശ്രയബോധം.' ഇതാണ് നമ്മെ സ്നേഹത്തിലേക്ക് എത്തിക്കുന്ന ആശ്രയബോധം; ഇത് നമ്മെ ഭയത്തിൽനിന്നു മോചിപ്പിക്കുന്നു. നമ്മിൽ ത്തന്നെ ആശ്രയിക്കുന്നതിൽനിന്ന് ഇതു നമ്മെ ഒഴിവാ ക്കുന്നു; ദൈവത്തിനുമാത്രം നിറവേറ്റാൻ സാധിക്കുന്ന

കാര്യങ്ങൾ അവിടത്തെ കരങ്ങളിലേക്കുമാത്രം വിട്ടു കൊടുക്കാൻ ഇത് നമ്മെ പ്രാപ്തമാക്കുന്നു. അപ്രകാരം ചെയ്യുന്നത്, നമ്മുടെ സഹോദരീസഹോദരന്മാരുടെ നന്മ മാത്രം അന്വേഷിക്കുന്നതിനുള്ള വളരെ ശക്തമായ സ്നേ ഹത്തിന്റെയും ശക്തിയുടെയും ഉറവിടം പ്രദാനം ചെയ്യുന്നു. അതിനാൽ, തന്റെ സഹനത്തിന്റെ അവസാന ദിവസങ്ങളിൽ ത്രേസ്യായ്ക്ക് പറയാൻ സാധിക്കുമായി രുന്നു: 'ഞാൻ സ്നേഹത്തിൽ മാത്രം ആശ്രയിക്കുന്നു' [73]. അവസാനം സ്നേഹം മാത്രമാണ് സുപ്രധാനം. ദൈവാ ശ്രയത്വം പനിനീർ പുഷ്പങ്ങൾ വിടരാൻ ഇടയാക്കുന്നു; അങ്ങനെ അത് ദൈവസ്നേഹത്തിന്റെ ധാരാളിത്തം കവിഞ്ഞൊഴുകുവാൻ അനുവദിക്കുന്നു. അതിനാൽ, സൗജന്യവും അമൂല്യവുമായ ദൈവാശ്രയബോധം എന്ന കൃപയ്ക്കായി നമുക്ക് യാചിക്കാം; അങ്ങനെ സുവി ശേഷത്തിന്റെ പാതകൾ നമ്മുടെ ജീവിതങ്ങളിൽ തുറക്ക പ്പെടുമാറാകട്ടെ.

## 4. സുവിശേഷത്തിന്റെ ഹൃദയത്തിൽ

46. സാരവത്തും അനിവാര്യവുമായതിന് ഊന്നൽ നല്കുന്നതിന്റെ ഭാഗമായി 'സുവിശേഷത്തിന്റെ ആനന്ദത്തിൽ' (in *Evangelii Gaudium*) ഉറവിടത്തിന്റെ നൂതനതയിലേക്ക് തിരിയെ പോകേണ്ട ആവശ്യകതയെക്കുറിച്ച് ഞാൻ ഉദ്ബോധിപ്പിക്കുകയുണ്ടായി. ആ ക്ഷണം വീണ്ടും നല്കുന്നത് ഉചിതമാണെന്ന് എനിക്കിപ്പോൾ തോന്നുന്നു.

### സമന്വയത്തിന്റെ വേദപാരംഗത

47. പ്രേഷിതഭാവമുള്ള ഒരു സഭയിൽ, വിശുദ്ധ കൊച്ചുത്രേസ്യായെക്കുറിച്ചുള്ള ഈ ആഹ്വാനത്തിൽ, 'സാരവത്തായ സന്ദേശത്തിലാണ് ഏറ്റവും കൂടുതൽ ഊന്നൽ നല്കേണ്ടത്; അതായത്, അതീവ സുന്ദരമായതിൽ, ഉൽകൃഷ്ടമായതിൽ, അതീവ സ്വീകാര്യമായതിൽ; അതേസമയം ഏറ്റവും അടിയന്തരമായതിൽ. ഈ സന്ദേശം ലളിതമായാണ് അവതരിപ്പിച്ചിരിക്കുന്നത്; അതേസമയം, ഇതിന്റെ ആഴവും സത്യവും ഒട്ടും കുറയ്ക്കപ്പെട്ടിട്ടില്ല; അങ്ങനെ ഇത് കൂടുതൽ ശക്തവും ബോധ്യപ്പെടുന്നതമായി ഭവിക്കുന്നു' [74]. ഈ സന്ദേശത്തിന്റെ പ്രകാശപൂർണമായ അന്തഃസത്ത, 'മരിക്കുകയും മൃതരിൽനിന്ന് ഉയിർക്കുകയും ചെയ്ത യേശുക്രിസ്തുവിൽ പ്രകാശിതമായ ദൈവത്തിന്റെ രക്ഷിക്കുന്ന സ്നേഹത്തിലുള്ള സൗന്ദര്യം എന്നതാണ്' [75].

48. എന്നാൽ, എല്ലാറ്റിനും തുല്യമായ കേന്ദ്രീകൃതഭാവം ഇല്ല; കാരണം സഭയുടെ സത്യങ്ങൾക്കിടയിൽ ഒരു ശ്രേണി അഥവാ ഹയരാർക്കി ഉണ്ട്. 'ഇത് വിശ്വാസസത്യങ്ങൾ സംബന്ധിച്ചും സഭയുടെ സന്മാർഗപ്രബോധനങ്ങൾ ഉൾപ്പെടുന്ന മുഴുവൻ പ്രബോധനങ്ങൾ സംബന്ധിച്ചും സത്യമാണ്' [76]. ക്രൈസ്തവ ധാർമികതയുടെ കേന്ദ്രം എന്നത് ഉപവിയാണ്; ഇത് ത്രിത്വത്തിന്റെ വ്യവസ്ഥകളില്ലാത്ത സ്നേഹത്തോടുള്ള നമ്മുടെ പ്രത്യുത്തരമാണ്. ആകയാൽ, 'നമ്മുടെ അയല്ക്കാരിലേക്ക് തിരിഞ്ഞിരിക്കുന്ന സ്നേഹത്തിന്റെ പ്രവൃത്തികളാണ് ആത്മാവിന്റെ ആന്തരിക കൃപയുടെ സമ്പൂർണമായ പ്രകാശനം',[77]. അവസാനം സ്നേഹം മാത്രമാണ് വിലമതിക്കപ്പെടുന്നത്.

49. വിശുദ്ധ തോമസ് അക്വീനാസിന്റേതുപോലുള്ള അപഗ്രഥനപരമായ ഒരു സവിശേഷസംഭാവനയല്ല കൊച്ചുത്രേസ്യാ വിശുദ്ധയും വേദപാരംഗതയും എന്ന നിലയിൽ നമുക്കു നല്കുന്നത്. അവളുടെ സംഭാവന കൂടുതലും സമന്വയഭാവത്തിലുള്ളതാണ് (synthetic); കേന്ദ്രീകൃതവും സാരവത്തും അനിവാര്യവും ആയതിലേക്ക് നമ്മെ നയിക്കുന്നു എന്നതാണ് അവളുടെ പ്രതിഭ. അവളുടെ വാക്കുകളിലൂടെയും വ്യക്തിപരമായ അനുഭവത്തിലൂടെയും അവൾ അതു വ്യക്തമാക്കുന്നു. സഭയുടെ എല്ലാ പ്രബോധനങ്ങൾക്കും നിയമങ്ങൾക്കും പ്രാധാന്യമുണ്ടെന്നത് ശരിയാണ്; അവയ്ക്ക് മൂല്യവും വ്യക്തതയും ഉണ്ട്; അതേസമയം, അവയിൽ ചിലത് കൂടുതൽ പ്രാധാന്യമർഹിക്കുന്നതും ക്രൈസ്തവജീവിതത്തിൽ കൂടുതൽ മൗലികഭാവമുള്ളവയുമാണ്. അതിലേക്കാണ് കൊച്ചുത്രേസ്യാ തന്റെ ദൃഷ്ടിയും ഹൃദയവും തിരിച്ചത്.

50. ദൈവശാസ്ത്രജ്ഞരും ധാർമികശാസ്ത്രജ്ഞരും ആധ്യാത്മിക എഴുത്തുകാരും അജപാലകരും, വിശ്വാസി

കളും മറേറതെങ്കിലും വിധത്തിൽ ആയിരിക്കുന്നവരും എന്ന രീതിയിൽ നാം നിരന്തരം ത്രേസ്യായുടെ ഈ ഉൾക്കാഴ്ച സ്വന്തമാക്കേണ്ടതുണ്ട്. അങ്ങനെ അതിൽനിന്നു സൈദ്ധാന്തികവും പ്രായോഗികവും വിശ്വാസസത്യപരവും അജപാലനപരവും വ്യക്തിപരവും സാമൂഹ്യവുമായ നിഗമനങ്ങൾ സ്വാംശീകരിക്കേണ്ടതുണ്ട്. അപ്രകാരം ചെയ്യാൻ നമുക്ക് ധൈര്യവും ആന്തരികസ്വാതന്ത്ര്യവും ആവശ്യമാണ്.

51. ചിലപ്പോഴെങ്കിലും, ഈ വിശുദ്ധയിൽനിന്നു നാം ഉദ്ധരിച്ചു കേൾക്കുന്ന വചനങ്ങൾ, അവളുടെ സന്ദേശത്തിൽ അതിപ്രാധാന്യമുള്ളവയല്ല; അല്ലെങ്കിൽ മറ്റെല്ലാ വിശുദ്ധർക്കും എന്നപോലെ സർവ സാധാരണമായവയാണ്; അവ പ്രാർഥന, പരിത്യാഗം, ദിവ്യകാരുണ്യഭക്തി തുടങ്ങിയ മറ്റനേകം സുന്ദരമായ സാക്ഷ്യങ്ങളാകാം. എന്നാൽ, അതുവഴിയായി അവൾക്ക് സഭയ്ക്കു നല്കാനുള്ള വളരെ ശ്രദ്ധേയമായ ദാനം നമുക്ക് ലഭ്യമാകാതെ പോയെന്നു വരാം. ‘ഓരോ വിശുദ്ധനും/വിശുദ്ധയും ഒരു പ്രത്യേക ദൗത്യംപേറുന്ന ആളാണ്; സുവിശേഷത്തിന്റെ ഒരു പ്രത്യേകവശം ചരിത്രത്തിന്റെ ഒരു പ്രത്യേക നിമിഷത്തിൽ പ്രതിഫലിപ്പിക്കാനും മൂർത്തമാക്കാനുംവേണ്ടി പിതാവായ ദൈവത്തിന്റെ പദ്ധതിപ്രകാരം നിയോഗിക്കപ്പെട്ട ആളാണ് അവൻ/അവൾ’ [78] എന്ന കാര്യം നമ്മൾ വിസ്മരിക്കുന്നു. യഥാർഥത്തിൽ, ‘കർത്താവ് തന്റെ ഒരു വിശുദ്ധൻ/വിശുദ്ധ വഴി നമ്മോട് പറയാൻ ഉദ്ദേശിക്കുന്ന വചനം, അതിന്റെ വിശദാംശങ്ങളിൽ കുടുങ്ങിക്കിടക്കേണ്ട ഒന്നല്ല ... നാം ധ്യാനിക്കേണ്ടത് അവരുടെ ജീവിതത്തിന്റെ സമഗ്രതയാണ്; അതായത്, പുണ്യത്തിലുള്ള അവരുടെ പൂർണമായ സഞ്ചാരപാത. ഒരു വ്യക്തി എന്നനിലയിൽ അവരെ ആകമാനം ചൂഴ്ന്നുനില്ക്കുന്ന യേശുക്രിസ്തുവിന്റെ

പ്രതിഫലനമാണു നാം അവരിൽ മനസ്സിലാക്കേണ്ടത്' [79]. കൊച്ചുത്രേസ്യായെ സംബന്ധിച്ചിടത്തോളം ഇതു വളരെ യേറെ സത്യമാണ്; അവളിൽ കാണുന്നത്, 'സമന്വയ ത്തിന്റെ വേദപാരംഗതയെ' ("Doctor of synthesis") ആണ്.

52. ഉണ്ണിയേശുവിന്റെയും തിരുമുഖത്തിന്റെയും ത്രേസ്യാ യുടെ, സ്വർഗത്തിൽനിന്നു ഭൂമിയിലേക്കുള്ള ഈ സമയ ബന്ധിതമായ സാക്ഷ്യം തന്റെ കുറുക്കുവഴിയുടെ മഹിമ യിൽ ശാശ്വതമായി നിലനില്ക്കുന്നു.

നമ്മിലേക്കും നമ്മുടെ താത്പര്യങ്ങളിലേക്കുംമാത്രം കേന്ദ്രീകരിക്കാൻ നമ്മെ പ്രേരിപ്പിക്കുന്ന ഈ കാലഘട്ട ത്തിൽ, നമ്മുടെ ജീവിതങ്ങൾ ഒരു ദാനമായി സമർപ്പിക്കു ന്നതിന്റെ സൗന്ദര്യത്തിലേക്ക് ത്രേസ്യാ വിരൽചുണ്ടുന്നു.

ഉപരിപ്ലവമായ ആഗ്രഹങ്ങളും ആവശ്യങ്ങളും മഹത്ത്വവൽ കരിക്കപ്പെടുന്ന ഈ കാലഘട്ടത്തിൽ, അവൾ സുവിശേ ഷത്തിന്റെ വിപ്ലവാത്മകതയ്ക്ക് സാക്ഷ്യം വഹിക്കുന്നു.

വൈയക്തികതയ്ക്ക് ഊന്നൽ നല്കുന്ന ഈ കാലഘട്ട ത്തിൽ മറ്റുള്ളവർക്കുവേണ്ടി മാധ്യസ്ഥ്യം പറയുന്ന വിധ ത്തിലുള്ള സ്നേഹത്തിന്റെ മൂല്യം കണ്ടെത്താൻ അവൾ നമ്മെ സഹായിക്കുന്നു.

ഈ കാലഘട്ടത്തിൽ മനുഷ്യർ പ്രതാപത്തിനും അധികാ രത്തിന്റെ പുതിയ രൂപങ്ങൾക്കും പ്രാമുഖ്യം നല്കുമ്പോൾ, അവൾ നമുക്കു കുറുക്കുവഴി ചൂണ്ടിക്കാണിക്കുന്നു.

നമ്മുടെ ഒട്ടനവധി സഹോദരീസഹോദരന്മാരെ മാറ്റിനിർ ത്തുന്ന ഒരു കാലഘട്ടത്തിൽ പരസ്പരമുള്ള കരുതലി ന്റെയും ഉത്തരവാദിത്വത്തിന്റെയും സൗന്ദര്യം അവൾ നമ്മെ പഠിപ്പിക്കുന്നു.

വളരെ വലിയ സങ്കീർണതയുടെ ഈ കാലഘട്ടത്തിൽ, ലാളിത്യം, സ്നേഹത്തിന്റെ കറതീർന്ന പ്രാമുഖ്യം, ആശ്രയവും വിട്ടുകൊടുക്കലും എന്നിവയുടെ പ്രാധാന്യം വീണ്ടും കണ്ടെത്താൻ അവൾ നമ്മെ സഹായിക്കുന്നു; അങ്ങനെ, നിയമങ്ങളാലും ചട്ടങ്ങളാലും പൂരിതമായിരിക്കുകയും സുവിശേഷത്തിന്റെ സന്തോഷം ഇല്ലാതാക്കാൻ കാരണമായിത്തീരുകയും ചെയ്യുന്ന ഒരു ക്രൈസ്തവ ജീവിതത്തിന്റെ നൈയാമികവും സാന്മാർഗികപരവുമായ ഒരു മനഃസ്ഥിതിക്ക് അപ്പുറം പോകാൻ അവൾ നമ്മെ പ്രേരിപ്പിക്കുന്നു.

നിസ്സംഗതയുടെയും സ്വയോന്മുഖതയുടെയും ഈ കാലഘട്ടത്തിൽ യേശുക്രിസ്തുവാലും അവന്റെ സുവിശേഷത്താലും ആകൃഷ്ടരായി പ്രേഷിതശിഷ്യരായിരിക്കാൻ ത്രേസ്യാ നമ്മെ പ്രേരിപ്പിക്കുന്നു.

53. ജനനത്തിന്റെ 150 വർഷം തികയുന്ന ഈ കാലഘട്ടത്തിൽ ത്രേസ്യാ എന്നത്തെക്കാളും ഉപരിയായി തീർഥാടക സഭയിൽ, ദൈവജനത്തിന്റെ ഹൃദയത്തിൽ, സജീവയാണ്. നമ്മുടെ തീർഥാടനത്തിൽ അവൾ നമ്മുടെ സഹയാത്രികയാണ്; അവൾ വളരെയേറെ ആഗ്രഹിച്ചിരുന്നതുപോലെ, ഭൂമിയിൽ ഇന്നും നന്മ ചെയ്തുകൊണ്ടിരിക്കുന്നു. അവളുടെ ആധ്യാത്മികസജീവതയുടെ വളരെ സുന്ദരമായ അടയാളങ്ങൾ എന്നുപറയാവുന്നത് അവൾ ഇനിയും ചൊരിഞ്ഞുകൊണ്ടിരിക്കുന്ന അസംഖ്യം പനിനീർപുഷ്പങ്ങളാണ്; അതായത്, അവളുടെ സ്നേഹമുള്ള മാധ്യസ്ഥ്യംവഴി ദൈവം നല്കുന്ന നിരവധി ദാനങ്ങൾ; അവ നമുക്ക് നമ്മുടെ ജീവിതയാത്രയിൽ ശക്തിപകരുന്നു.

പ്രിയപ്പെട്ട വിശുദ്ധ കൊച്ചുത്രേസ്യാ,
സഭയ്ക്ക് സുവിശേഷത്തിന്റെ ശോഭയും പരിമളവും
ആനന്ദവും പ്രതിഫലിപ്പിക്കേണ്ടതായുണ്ട്.
നിന്റെ പനീർപുഷ്പങ്ങൾ ഞങ്ങളുടെമേൽ
അയയ്ക്കണമേ.
നിന്നെപ്പോലെ ആകാൻ ഞങ്ങളെ സഹായിക്കണമേ.
അങ്ങനെ ഞങ്ങൾ ഞങ്ങളോടുള്ള ദൈവത്തിന്റെ
അളവററ സ്നേഹത്തിൽ ആശ്രയിക്കട്ടെ.
അങ്ങനെ ഓരോ ദിവസവും നിന്റെ വിശുദ്ധിയുടെ
'കുറുക്കുവഴി' ഞങ്ങൾ അനുകരിക്കട്ടെ. ആമേൻ.

2023 ഒക്ടോബർ 15-ാം തീയതി, റോമിലെ വിശുദ്ധ ജോൺ ലാററൻ ബസിലിക്കയിൽവച്ച്, ആവിലായിലെ വിശുദ്ധ അമ്മത്രേസ്യായുടെ ആരാധനക്രമപരമായ സ്മരണദിനത്തിൽ, എന്റെ പരമാചാര്യശുശ്രൂഷയുടെ പതിനൊന്നാം വർഷം, നല്കപ്പെട്ടത്.



ഫ്രാൻസിസ് പാപ്പാ

Notes :

[1] SAINT THERESE OF THE CHILD JESUS AND THE HOLY FACE, Letter 197 to Sister Marie of the Sacred Heart (17 September 1896): Letters II, p. 1000. The English citations of the Saint's writings are taken from the translations of her works published by the Institute of Carmelite Studies (ICS), Washington, D.C.: Story of a Soul (1996); Letters I: 1877-1890 (1996); Letters II: 1890-1897 (1988); Prayers (1997); Poetry (1996); Her Last Conversations (1977).

[2] Prayer 6, Act of Oblation to Merciful Love (9 June 1895): Prayers, p. 54; Story of a Soul, pp. 276-277.

[3] For the two-year period 2022-2023, UNESCO recognized Saint Therese as a person to be celebrated on the 150th anniversary of her birth.

[4] 29 April 1923.

[5] Cf. Decretum super Virtutibus (14 August 1921): AAS 13 (1921), 449-452.

[6] Homily for the Canonization (17 May 1925): AAS 17 (1925), 211.

[7] Cf. AAS 20 (1928), 147-148.

[8] Cf. AAS 36 (1944), 329-330.

[9] Cf. PIUS XII, Letter to Mgr François-Marie Picaud, Bishop of Bayeux and Lisieux (7 August 1947);

Radio Message for the Consecration of the Basilica of Lisieux (11 July 1954): AAS 46 (1954), 404-407.

[10] Cf. Letter to Mgr Jean-Marie-Clément Badré, Bishop of Bayeux and Lisieux on the occasion of the Centenary of the Birth of Saint Therese of the Child Jesus (2 January 1973): AAS 65 (1973), 12-15.

[11] Cf. AAS 90 (1998), 409-413, 930-944. 13

[12] Apostolic Letter Novo Millennio Ineunte (6 January 2001), 42: AAS 93 (2001), 296.

[13] Catechesis (6 April 2011), L'Osservatore Romano (7 April 2011), 8.

[14] Catechesis (7 June 2023): L'Osservatore Romano (7 June 2023), 2-3.

[15] Letter 220 to l'Abbé Bellière (24 February 1897), Letters II, p. 1060.

[16] Ms A, 69v: Story of a Soul, p. 149.

[17] Cf. Ms C, 33v-37r: Story of a Soul, pp. 253-259.

[18] Cf. Apostolic Exhortation Evangelii Gaudium (24 November 2013), 14, 264: AAS 105 (2013), 1025-1026.

[19] Ms C, 34r: Story of a Soul, p. 254.

[20] Ibid., 36r:, Story of a Soul, p. 257.

[21] Last Conversations, Yellow Notebook (9 June 1897, 3), p. 62.

[22] Cf. Ms C, 2v-3r: Story of a Soul, pp. 207-208.

[23] Ibid., 2v: p. 207.

[24] Ibid., 3r: p. 208.

[25] Cf. Ms A, 84v: p. 181.

[26] Cf. Apostolic Exhortation Gaudete et Exsultate (19 March 2018), 47-62: AAS 110 (2018), 1124-1129.

[27] Ms A, 32r: Story of a Soul, p. 72.

[28] This was explained by the Council of Trent: "Whoever considers himself, his personal weakness, and his lack of disposition may fear and tremble about his own grace"(Decree on Justification, IX: DS 1534). It is taken up by the Catechism of the Catholic Church, which teaches that it is not possible to have certitude by looking to ourselves or our own actions (cf. No. 2005). The certitude born of trust does not come from ourselves, nor can our own consciousness ground that security, which is not based on introspection. In the words of Saint Paul: "I do not judge myself. I am not aware of anything against myself, but I am not thereby acquitted. It is the Lord who judges me" (1 Cor 4:3-4). Saint Thomas Aquinas explains it in the following way: since grace 14 "does not

perfectly heal man" (ST I-II, q. 109, art. 9, ad 1), "in the intellect there remains the darkness of ignorance" (ibid., resp.)

[29] Prayer 6 (9 June 1895): Prayers, p. 54.

[30] Catechism of the Catholic Church, No. 2011.

[31] This was also clearly stated by the Council of Trent: "No devout man should doubt God's mercy" (Decree on Justification, IX: DS 1534); "All should place their firmest hope in God's help" (ibid., XIII: DS 1541).

[32] Ms B, 1v: Story of a Soul, p. 188.

[33] Cf. Ms A, 48v: Story of a Soul, pp. 104-105; Letter 92 to Marie Guérin (30 May 1889): Letters I, pp. 567-569.

[34] Prayer 6 (9 June 1895): Story of a Soul, p. 276.

[35] Last Conversations, Yellow Notebook (23 July 1897, 3): p. 106.

[36] Ms C, 31r: Story of a Soul, p. 250.

[37] Cf. Ms C, 5r-7v: Story of a Soul, pp. 211-214.

[38] Cf. ibid, 5v: Story of a Soul, p. 211.

[39] Cf. ibid., 6v: Story of a Soul, p. 213.

[40] Cf. Encyclical Letter Lumen Fidei (29 June 2013), 17: AAS 105 (2013), 564-565.

[41] Ms C, 7r: Story of a Soul, pp. 213-214.

[42] Cf. Letter 197 to Sister Marie of the Sacred Heart (17 September 1896): Letters II, p. 1000.

[43] Ms A, 83v: Story of a Soul, p. 180.

[44] Cf. Ms A, 45v-46v: Story of a Soul, pp. 98-101.

[45] Ibid., 46r: Story of a Soul, p. 100.

[46] Ibid.15

[47] Ibid., 46v: Story of a Soul, p. 100.

[48] Prayer 2 (8 September 1890): Prayers, p. 38.

[49] Summa Theologiae, I-II, q. 62, art. 4.

[50] Cf. Ms C, 11v-31r: Story of a Soul, pp. 219-250.

[51] Ms B, 1v: Story of a Soul, p. 189.

[52] Cf. Ms B, 4r: Story of a Soul, p. 195.

[53] Letter 122 to Céline (14 October 1890): Letters II, p. 709.

[54] PN 24, 21: Poetry, p. 128.

[55] PN 24, 6: ibid., p. 124.

[56] Cf. Ms A, 3r: Story of a Soul, pp. 14-15.

[57] Letter 247 to l'Abbé Bellière (21 June 1897): Letters II, p. 1133.

[58] Cf. Prayer 6 (9 June 1895): Prayers, pp. 53-55; Story of a Soul, pp. 276-277.

[59] Ms A, 84r: Story of a Soul, p. 181.

[60] PN 54, 22: Poetry, p. 219.

[61] PN 54, 15: ibid., p. 218.

[62] PN 54, 17: ibid., p. 218.

[63] Ms C, 29v-30r: Story of a Soul, pp. 248-249.

[64] Cf. Ms B, 2r-5v: Story of a Soul, pp. 190-200.

[65] Ms B, 3v: ibid., p. 194.

[66] Ms A, 80v: Story of a Soul, p. 173. This was not a lack of faith. Saint Thomas Aquinas taught that in faith, both the intelligence and the will are operative. The adherence of the will can be very solid and well rooted, while the intelligence can be darkened. Cf. De Veritate 14,1.16

[67] Ms C, 7v: Story of a Soul, p. 214.

[68] Letter 254 to Père Adolphe Roulland (14 July 1897): Letters II, p. 1142.

[69] Last Conversations, Yellow Notebook (17 July 1897), p. 102.

[70] Ibid. (13 July 1897, 17), p. 102.

[71] Ibid. (18 July 1897, 1), p. 102.

[72] Last Conversations, Yellow Notebook (9 June 1897, 3), p. 62.

[73] Letter 242 to Sister Marie of the Trinity (6 June 1897): Letters II, p. 1121.

[74] Apostolic Exhortation Evangelii Gaudium (24 November 2013), 35: AAS 105 (2013), 1034.

[75] Ibid., 36: AAS 105 (2013), 1035.

[76] Ibid.

[77] Ibid., 37: AAS 105 (2013), 1035.

[78] Apostolic Exhortation Gaudete et Exsultate (19 March 2018), 19: AAS 110 (2018), 1117.

[79] Ibid., 22: AAS 110 (2018), 1117.



# ഇതാണ് ദൈവാശ്രയബോധം

## പരിശുദ്ധ പിതാവ് ഫ്രാൻസിസ് പാപ്പായുടെ അപ്പസ്തോലിക ആഹ്വാനം

വിശുദ്ധ കൊച്ചുത്രേസ്യായുടെ ആധ്യാത്മികതയെക്കുറിച്ച് ഇങ്ങനെ ഫ്രാൻസിസ് പാപ്പാ നിരീക്ഷിക്കുന്നു: 'ഈ കാലഘട്ടത്തിൽ മനുഷ്യർ പ്രതാപത്തിനും അധികാരത്തിന്റെ പുതിയ രൂപങ്ങൾക്കും പ്രാമുഖ്യം നല്കുമ്പോൾ, അവൾ നമുക്കു "കുറുക്കുവഴി" ചൂണ്ടിക്കാണിക്കുന്നു. നമ്മുടെ ഒട്ടനവധി സഹോദരീസഹോദരന്മാരെ മാറ്റിനിർത്തുന്ന ഒരു കാലഘട്ടത്തിൽ പരസ്പരമുള്ള കരുതലിന്റെയും ഉത്തരവാദിത്വത്തിന്റെയും സൗന്ദര്യം അവൾ നമ്മെ പഠിപ്പിക്കുന്നു.'

Pastoral Orientation Centre,
Secretariat, Kerala Catholic Bishops' Council,
Palarivattom, Kochi 682 025, Kerala, India
Ph: +91484 2805722, 2805815
E-mail: pocpublications@gmail.com

TO SERVE IN TRUTH AND LOVE

9 789383 423682
₹ 70